
പുസ്തകം ൧൩.  ലക്കം ൧൧.

# കർമ്മലകുസുമം.




പ്രതിമാസ പത്രിക.

November 1918.

# സംഗതി വിവരം.


1. ശുദ്ധീകരസ്ഥലത്തിലെ വിശുദ്ധാത്മാക്കൾ.
2. പരിശുദ്ധ മറിയത്തെ വണങ്ങുന്നതും ബഹുമാനിക്കുന്നതും കൊണ്ടാടുന്നതും നീതീകരിക്കത്തക്കതോ?
3. ഭക്തജീവിതപ്രവേശനം.
4. വി. ബർത്തലൂമ്മയുടെ അന്ന എന്ന ധന്യയുടെ ജീവചരിത്രം.
5. കുടുംബപ്രതിഷ്ഠ.
6. പാടുകെന്നധരമേ.
7. തിരുഹൃദയഭക്തന്മാർ ൧൦൮൪ വൃശ്ചികമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.
8. ലോകവർത്തമാനച്ചുരുക്കം.


# നോട്ടീസ്

## ആണ്ടൊന്നുക്കു തപാൽകൂലി ഉൾപ്പടെ ബ്രി. രൂപാ ൧.

യാതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേർത്തു പേരയക്കയും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏററു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടക്കുകയും ചെയ്യുന്നതായാൽ അയാൾക്കു് ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

“കർമ്മല കുസുമം” മാനേജർ,
Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ച് അപേക്ഷിക്കയോ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യണം. പണമടക്കാതെ മാസികക്കു് ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമേ അയക്കയുള്ളൂ. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

# കർമ്മലകുസുമം.

പുസ്തകം ൧൩)　　൧൯൧൮ നവംബർ.　　(ലക്കം ൧൧.


## ശുദ്ധീകരസ്ഥലത്തെ വിശുദ്ധാത്മാക്കൾ.

---

ജ്ഞാനസമ്പാദനത്തിനുള്ള വിശേഷബുദ്ധി സർവ്വജ്ഞനായിരിക്കുന്ന സർവ്വേശ്വരനിൽ നിന്നും മനുഷ്യന് ലഭിച്ചിരിക്കുന്നതിനാൽ ഇഹത്തിലുള്ള മററു സൃഷ്ടികളെ അപേക്ഷിച്ചു ഒരു പ്രാധാന്യം അവനുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഈ ഔന്നിത്യം കാരണത്താൽ ശേഷം സൃഷ്ടികൾക്കില്ലാത്ത ചില ചുമതലകളും അവൻ നിറവേററേണ്ടതായിട്ടാണിരിക്കുന്നതു്. മനുഷ്യൻെറ പ്രധാന ചുമതല, അവൻെറ ദൃഷ്ടിയിൽപെടുന്ന എല്ലാ വസ്തുക്കളുടെയും സംഗതികളുടേയും ഗുണാഗുണങ്ങളെ വിവേചിച്ചറിഞ്ഞു പ്രവൎത്തിക്കണമെന്നുള്ളതാകുന്നു. ഈ മഹത്തായ പ്രവൃത്തി മരണമില്ലാത്ത ആത്മാവിന്നു സ്വന്തമായിട്ടുള്ളതാണ്. മനുഷ്യൻെറ ശരീരം കാലാന്തരത്തിൽ അഴിഞ്ഞുപോകുന്നുവെങ്കിലും ദൈവത്തിൻെറ ഛായ ആയിരിക്കുന്ന ആത്മാവ് എന്നേക്കും ജീവിക്കും. മനുഷ്യാത്മാവിന്നു നിത്യജീവൻ ഉണ്ടെന്നുള്ളതിന്നും വേദപുസ്തകംതന്നെ പ്രധാന സാക്ഷിയാണ്. വിശുദ്ധ പൌലോസ് തെസലോനിക്കക്കു എഴുതിയ ലേഖനത്തിൽ താഴെവരുന്നപ്രകാരം പറയുന്നു. "സഹോദരന്മാരരേ, നിരാശന്മാരായ അജ്ഞാനികളെപ്പോലെ മരിച്ചവരേക്കുറിച്ചു നിങ്ങൾ ക്ലേശിക്കേണ്ടതല്ല. എന്തെന്നാൽ മ്ശിഹാ മരിച്ചുയൎത്തു എന്നു നാംവിശ്വസിക്കുന്നു. അതേപ്രകാരം മ്ശിഹായിൽ മരിക്കുന്നവരെ ദൈവം അവനോടുകൂടെ കൊണ്ടുവരും." വി. യോഹന്നാൻെറ സുവിശേഷത്തിൽ എഴുതപ്പെട്ടിരിക്കുന്നതു്. "നന്മ ചെയ്യുവർ സമ്മാനത്തിന്നായിട്ടും തിന്മ പ്രവൎത്തിച്ചവർ വിധിക്കായിട്ടും പുനരുത്ഥാനം ചെയ്യും" എന്നാകുന്നു. മേൽപ്രസ്താവിക്കപ്പെട്ട വാക്യങ്ങളിൽ നിന്നും നമുക്കു നിത്യജീവൻ ഉണ്ടെന്നും നമ്മുടെ ഭാഗ്യം ഇഹത്തിൽ നാം ചെയ്യുന്ന പാപപുണ്യങ്ങൾക്കനുസരണമായിരിക്കുമെന്നും തെളിവാകുന്നു.

വിശുദ്ധ കത്തോലിക്കാ സഭയുടെ അംഗങ്ങളായി ഇഹത്തിൽജീവിക്കുന്ന കാലത്തോളം നാം അതിൻെറ യുദ്ധംചെയ്യുന്ന ശാഖയിൽപെട്ടവരായിരിക്കും. ഈ ലോകസമരത്തിലുളവായ ജയാപജയത്തെ അനുസരിച്ചു്, പരത്തിൽ ശുദ്ധീകരിക്കപ്പെടുന്നവരുടെ ഗണത്തിലോ, അഥവാ വിശുദ്ധന്മാരുടെ കൂട്ടത്തിലോ നേരെമറിച്ചു ശിക്ഷിക്കപ്പെട്ടവരുടെ വസതിയിലൊ നാം ചെന്നുചേരേണ്ടിയിരിക്കുന്നു. ഇവയേപ്പററിയുള്ള വിവരണം നിറുത്തിവച്ചിട്ടു്, കത്തോലിക്കാ വിശ്വാസികളുടെ ശ്രദ്ധയെ ഇപ്പോൾ പ്രത്യേകം ആകൎഷിക്കുന്ന ശുദ്ധീകരസ്ഥലത്തെപ്പററിയും അവിടെ കിടന്നു വലയുന്ന ആത്മാക്കളുടെ സ്ഥിതിയേക്കുറിച്ചും അവരെ നാം ഏതുവിധത്തിൽ സഹായിക്കണം എന്ന സംഗതിയെ സംബന്ധിച്ചും സ്വല്പം പറഞ്ഞുകൊള്ളട്ടെ!

പരലോകജീവിതത്തിൽ നാം ശുദ്ധീകരിക്കപ്പെടുന്നതിന്നു ഒരു പ്രത്യേക സ്ഥലമുണ്ടെന്നു തിരുസഭ നമ്മേ പഠിപ്പിക്കുന്നതുകൂടാതെ സ്വഭാവന്യായത്തോടും അതു യോജിക്കുന്നു. വി. പിതാക്കന്മാരുടെ പൊതു അഭിപ്രായവും കത്തോലിക്കാ വിശ്വാസികളുടെ പൊതുനടപടിയും ഇ

തിനുവേണ്ട തെളിവുകളാണ്. സൎവ്വജ്ഞനും സൎവ്വനന്മയും ആയിരിക്കുന്ന സൎവ്വേശ്വരന്റെ പ്രമാണ ലംഘനക്കാരിൽ യാതൊരുത്തനെയും ശിക്ഷകൂടാതെ വിട്ടയയ്ക്കുന്നതു അവിടുത്തെ നീതിക്കു ചേരാത്തതാകുന്നു. ദൈവദൂഷണം, കൊലപാതകം വ്യഭിചാരം മുതലായ മഹാപാപങ്ങളെ ചെയ്യുന്നവരെയും, ചെറിയ കള്ളം, ഭക്തിയില്ലായ്ക, സ്നേഹക്കുറവ് തുടങ്ങിയുള്ള നിസ്സാരകുററങ്ങളിൽ അകപ്പെടുന്നവരെയും ഒരുപോലെ നിത്യനരകാഗ്നിയിലേക്കു തള്ളിക്കളയും എന്നു വിചാരിച്ചുകൂടാത്തതാകുന്നു.

അത്യല്പമായ പാപംപോലും സ്വൎഗ്ഗത്തിൽ പ്രവേശനത്തിനു തടവായിരിക്കുന്നു. അതിനാൽ ഇപ്രകാരമുള്ളവൎക്കുവേണ്ടി സ്വൎഗ്ഗത്തിനും നരകത്തിനും മദ്ധ്യേയുള്ള ഒരു സ്ഥലമാണ് ശുദ്ധീകരസ്ഥലം—അഥവാ രക്ഷയുടെ വീടു എന്നൎത്ഥമുള്ള ബെസ്സക്കാനാ.— ഈ സ്ഥലത്തിൽ അടയ്ക്കപ്പെടുന്നവർ വലുതായ പീഡകൾ അനുഭവിക്കേണ്ടവരാണെങ്കിലും പിന്നീടു അവൎക്കു രക്ഷ നിശ്ചയമുള്ളതായിരിക്കും. ഈ ആത്മാക്കൾക്കു വേണ്ടി നാം പ്രാൎത്ഥിക്കണം എന്നുള്ള തിരുസഭയുടെ ഉപദേശം ഒരു നവീനമായ കണ്ടെത്തിപ്പ എന്നു ആരും വിചാരിക്കരുതു്. മരിച്ചവരെക്കുറിച്ചു വിലപിക്കയും പ്രാൎത്ഥിക്കയും ചെയ്കയെന്നതു യൂദന്മാരുടെ ഇടയിൽ സൎവ്വസാധാരണയായിരുന്നു. യാക്കോബാവായുടെ ദേഹവിയോഗാനന്തരം അദ്ദേഹത്തിന്റെ മക്കൾ ഏതു വിധം പ്രവൎത്തിച്ചു എന്ന് വേദപുസ്തകംതന്നെ പറയുന്നുണ്ടു്. ശൂരഭടന്മാരായിരുന്ന യൂദാ, മക്ക്ബാ, പോൎക്കളത്തിൽ നിലംപതിച്ച യോദ്ധാക്കളുടെ നിത്യസമാധാനത്തിനായി ദൈവത്തിനു ബലിസമൎപ്പിക്കാനായി അനേകായിരം പണം പിരിച്ചു്, ഓൎശ്ലേത്തേക്കയച്ചതു് പൂൎവ്വനടപടിയുടെ ഒരു നല്ല ദൃഷ്ടാന്തമാണ്. വി. ശ്ലീഹന്മാരുടെ കാലം മുതൽ മരിച്ചവൎക്കു വേണ്ടി പ്രാൎത്ഥിക്കയും ദിവ്യപൂജ സമൎപ്പിക്കുകയും ദാനപ്രവൃത്തികളേയും തപഃക്രിയകളേയും അനുഷ്ഠിച്ചുവരികയുംചെയ്തു എന്നു പൂൎവ്വപിതാക്കന്മാരുടെ കൃതികൾ വായിച്ചാൽ സ്പഷ്ടമാകുന്നതാണ്. വി. ക്ലെമെന്തോസ് മാൎപ്പാപ്പാ അയച്ച കല്പനയിൽ കാണുന്നതായതു്: "കൎത്താവിന്റെ സമാധാനത്തിൽ മരിച്ച നമ്മുടെ സഹോദരന്മാരുടെ ആത്മാക്കൾക്കു സൎവ്വേശ്വരൻ കൃപചെയ്തു്, അവരുടെ പാപങ്ങൾ പൊറുത്തു് അവരെ മഹാപിതാവായ അബ്രാഹത്തിന്റെ മടിയായ മോക്ഷത്തിൽ ചേൎത്തുകൊൾവാൻ തക്കവണ്ണം നാം പ്രാൎത്ഥിച്ചുകൊള്ളണം." തെൎത്തുലിയാൻ പറഞ്ഞിരുന്നതായതു്. "ഒരുവിധവ തന്റെ ഭൎത്താവിന്റെ ആത്മാവിന്റെ നിത്യസമാധാനത്തിനുവേണ്ടി പ്രാൎത്ഥിപ്പാനുള്ള താല്പൎയ്യം കൂടാതെ വേറെ വിവാഹംചെയ്യുന്നതു നന്നല്ല." "മരിച്ചവരെക്കുറിച്ചു പ്രാൎത്ഥിക്കേണ്ടതു നമ്മുടെ കടമയാണെന്നു ഒരിജെൻ എഴുതിയിരിക്കുന്നു; വി. അപ്രേംമല്പാൻ "എന്റെ പ്രിയ മക്കളേ, മരിപ്പാൻ പോകുന്ന നിങ്ങളുടെ പിതാവായ എന്റെ ആത്മാവിനെക്കുറിച്ചു നിങ്ങൾ പ്രാൎത്ഥിച്ചുകൊള്ളണം." എന്നു പറഞ്ഞിരിക്കുന്നു. ഈവിധമുള്ള അനേക സാക്ഷ്യങ്ങളെ എടുത്തുകാണിക്കാവുന്നതാണ്.

ശുദ്ധീകരസ്ഥലത്തിൽ വേദന അനുഭവിക്കുന്ന ആത്മാക്കളുടെ പീഡകളെപ്പററി സ്വല്പമായിട്ടെങ്കിലും നമുക്കു വിചിന്തനം ചെയ്യാം. അവരുടെ പ്രധാന വേദന ദൈവത്തെ ദൎശിക്കുന്നതിനു അവൎക്കു കഴിയാത്തതാണ്. മനുഷ്യാത്മാവ്, പാറാവിൽ എന്നപോലെയിരിക്കുന്ന ശരീരത്തിൽനിന്നും പിരിഞ്ഞാലുടനെ അതിന്റെ അന്ത്യമായ ദൈവത്തെ കാണുന്നതിനാണ് ആശിക്കുന്നതു്. പാപം കാരണത്താൽ അതിനു നിവൃത്തിയില്ലാതെവരുന്നു. അവിടെ ആത്മാക്കൾ തീയാൽ പീഡിക്കപ്പെടുന്നുയെന്നുള്ളതാണ് വേറെയൊരു സങ്കടം. ശുദ്ധീകരസ്ഥലത്തിലെ തീ, നരകത്തിലെ തിയോടു തുല്യമാണെന്നാണു വേദശാസ്ത്രികളുടെ അഭിപ്രായം. ബെസ്സക്കാനാ രക്ഷയുടെ സ്ഥലമാണെങ്കിലും ദീൎഘകാലത്തേക്കു അവിടെ കിടന്നു കഷ്ടപ്പെടുന്ന നിസ്സഹായന്മാരായ അനേകം ആത്മാക്കൾ ഉണ്ടെന്നു പിതാക്കന്മാരുടെ അഭിപ്രായമാകുന്നു. പുണ്യയോഗ്യത പ്രാപിക്കയെന്നുള്ളതു് ഈ ലോകജീവിതത്തിൽ മാത്രമെ സാധിക്കയൊള്ളൂ. ഈ കാരണത്താൽ ഈ വിശുദ്ധാ

ത്മാക്കളുടെ വേദന കുറക്കുന്നതിന്നായി സ്വയം യാതൊന്നും പ്രവൎത്തിക്കാൻ പാടില്ലായെന്നുള്ളതും മഹാ സങ്കടം തന്നെ. ഈ ലോകത്തിലുണ്ടാകുന്ന ശരീരസുഖക്കേടുകളും ആത്മാകുലതകളും കാരണത്താൽ എത്രയോ പേർ കഷ്ടപ്പെടുകയും, മുറയിട്ടു വിലപിക്കയും ചെയ്യുന്നു. ശരീരാസ്വാസ്ഥ്യം, ദാരിദ്ര്യം, വസ്തുനാശം, കീൎത്തിഭംഗം, കുടുംബഛിദ്രം, തീരാത്ത വഴക്ക്, ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള വിശ്വാസക്കുറവ്, സ്നേഹമില്ലായ്മ മുതലായതുകൾ ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്നതു് അത്ര അസാധാരണമല്ലല്ലൊ. ഈ ബാധകളെ സഹിക്കുന്നതിനേക്കാൾ മരിക്കട്ടെ എന്നുകൂടെയും പറയുന്നവരുണ്ടു്. കുറെകാലത്തേക്ക് അനുഭവിക്കേണ്ടതായ മേൽപറയപ്പെട്ട പീഡകൾ തന്നെയും, ശുദ്ധീകരസ്ഥലത്തിലെ സ്വല്പനേരത്തെ വേദനയോടുപമിക്കാൻ പാടില്ലാത്തതാണ്. ഇത്ര കഠിനമായ പീഡകൾ ആണ് നിസ്സഹായന്മാരായ നമ്മുടെ സഹോദരങ്ങൾ ബെസ്സുക്കാനായിൽ അനുഭവിക്കുന്നതു് എന്ന് നാം മനസ്സിരുത്തി ആലോചിക്കണം. അവിടെ വേദന അനുഭവിക്കുന്ന ആത്മാക്കൾ വിശുദ്ധ സഭയുടെ അംഗങ്ങളും, നമ്മുടെ സ്വന്തം ആളുകളും ആണെന്നു നാം അറിയേണ്ടതാണ്. ചിലർ രക്തസംബന്ധം കാരണത്താൽ നമുക്കു വളരെ അടുത്തവരും ആയിരിക്കും. നമ്മുടെ മാതാപിതാക്കന്മാർ സഹോദര സഹോദരികൾ സ്നേഹിതന്മാർ, നമുക്കു വളരെ ഉപകാരം ചെയ്തിട്ടുള്ളവർ, ആദിയായവരായിരിക്കും അവിടെ വേദന അനുഭവിക്കുന്നവർ. അവരുടെ വസ്തുക്കൾ ഇപ്പോൾ നാം അനുഭവിക്കയും, അവർ പണിയിച്ച വീടുകളിൽ നാം വസിക്കയും ചെയ്യുന്നു. നാം ഇഹത്തിൽ സുഖമായി ജീവിക്കുന്നു. അവർ അവിടെ കിടന്നു കഷ്ടപ്പെടുന്നു. ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ വിലാപങ്ങളും കരച്ചിലുകളും ഏതുപ്രകാരമെന്നു ശരിയായി നമുക്കറിഞ്ഞുകൂടാ. നമ്മുടെ അറിനൊത്തപോലെ അതേപ്പററി നാം ചിന്തിക്കുന്നുമില്ല. അവിടെ അപ്പനും, അമ്മയും, മക്കളെ വിളിച്ചു പറയുന്നതായതു്: "എൻെറ മക്കളെ, ഞങ്ങളുടെ വേദന സഹിക്കവഹിയാത്തതാകുന്നു. ഞങ്ങൾ ഇവിടെ കിടന്നുവലയുന്നു. ഞങ്ങളുടെമേൽ നിങ്ങൾ അനുഗ്രഹമുള്ളവരും കൃതജ്ഞതയുള്ളവരും ആയിരിക്കണം. നിങ്ങളുടെ ഗുണത്തെ ഇഛിച്ചുകൂടെയും ചെയ്ത പ്രവൃത്തികളെക്കുറിച്ച് ഞങ്ങൾ കഷ്ടപ്പെടുന്നു. ദൈവത്തിൻെറ നീതിയുടെ തൃക്കൈ ഞങ്ങളുടെ മേൽ ആയിരിക്കുന്നു. യാതൊരു യോഗ്യതയും ഇവിടെ ഞങ്ങൾക്കു ലഭിക്കുന്നതിന്നു പാടില്ല. നിങ്ങൾ ഞങ്ങളുടെ മേൽ അലിവായിരിപ്പിൻ, ദയയുള്ളവരായിരിപ്പിൻ."

ശുദ്ധീകരസ്ഥലമുണ്ടെന്നും, അതിൽ ആത്മാക്കൾ വേദനയനുഭവിക്കുന്നു എന്നും വിശ്വസിച്ചിട്ട്, അവരുടെ പീഡകളെ കുറക്കുന്നതിനു കഴിവുള്ളപ്പോൾ അപ്രകാരം ചെയ്യാതിരിക്കുന്നതു വലിയ കഠിനതയും നന്ദികേടും അല്ലയോ? അവർ ദൈവത്തിൻെറ സൃഷ്ടികളും തിരുസഭയുടെ അംഗങ്ങളും നമ്മുടെ അടുത്ത സഹോദരങ്ങളും ആണെന്നു നാം വിശ്വസിച്ചിരിക്കെ, കഴിയുന്ന സഹായം അവൎക്കായിട്ടു ചെയ്തുകൊടുക്കുന്നതിനു അലസന്മാരായിരിക്കുന്നതു എന്തുകൊണ്ടാണ്? അവൎക്കുവേണ്ടി സൎവ്വേശ്വരനോടു പ്രാൎത്ഥിക്കുന്നതു അവൎക്കു ഒരു വലിയ സഹായമാണ്. നിങ്ങൾ ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും, നിങ്ങൾ മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും എന്നാണല്ലൊ കൎത്താവരുളിച്ചെയ്തിരിക്കുന്നതു്. പ്രാൎത്ഥനാഫലങ്ങൾ അവൎക്കായി കാഴ്ചവെക്കുന്നതു ഏവനും എവിടെയും ചെയ്യാവുന്നതാണ്. ശുദ്ധീകരിക്കപ്പെടുന്ന ആത്മാക്കൾക്കു വേണ്ടി ഭിക്ഷക്കാൎക്കു ദാനംകൊടുക്കുന്നതു വേറെ ഒരു ഉത്തമ സഹായമാകുന്നു. ദാനത്തിൻെറ വില എത്രയെന്നു ഒടുക്കത്തെ വിധി സമയത്തു് അറിയുന്നതല്ലാതെ പറഞ്ഞറിയിപ്പാൻ പ്രയാസം. വലിയ തോബിയാസ് മകനെ വിളിച്ചുപറഞ്ഞതായതു്:— "എൻെറ മകനേ, നീ പാവപ്പെട്ടവരേ ദ്വേഷിക്കല്ലേ, നിൻെറ ധനശക്തിക്കു തക്കവണ്ണം ദാനം കൊടുക്കണം. അധികം ഉണ്ടെങ്കിൽ അധികം കൊടുക്കുക, കുറച്ചേയുള്ളുവെങ്കിൽ സ്വല്പംകൊടുക്കുക; എന്നാൽ അതു നല്ല മനസ്സോടുകൂടിചെയ്യണം." ദാനകൃത്യങ്ങൾ പാവ

പരിഹാരത്തിനു ഉതകുമെന്നു വേദപുസ്തകത്തിലെ പല വാക്യങ്ങളും സാക്ഷിക്കുന്നുണ്ട്. പരിശുദ്ധാത്മാക്കൾക്കുവേണ്ടി ദിവ്യപൂജ ചെയ്യിക്കുന്നതും കാണുന്നതും വളരെ ഫലസിദ്ധിയുള്ളവയാണ്. പൂജയുടെ ഫലവും അതിരററതാണെന്നു ഏവർക്കും അറിയാമല്ലൊ. നമ്മുടെ ജനങ്ങളുടെ ഇടയിൽ പതിവായി നടന്നുവരുന്ന മരിച്ചവരുടെ ശേഷക്രിയകൾ, മാസക്കൂട്ടങ്ങൾ മുതലായ ഭക്തകൃത്യങ്ങൾ മുടക്കംകൂടാതെ നടത്തിവരണം. മരിച്ചവർക്കുവേണ്ടിചെയ്യുന്ന നന്മപ്രവൃത്തികൾ സഹോദരസ്നേഹത്തിൻെറ ഉത്തമ ലക്ഷ്യമാകയാൽ ദൈവത്തിന്നു വളരെ പ്രസാദിക്കുന്നതും നമുക്കു വളരെ പ്രയോജനമുള്ളതുമാകുന്നു. "നിങ്ങൾ അളക്കുന്ന അളവാൽ നിങ്ങൾക്കും അളക്കപ്പെടും." എന്നുള്ള ദിവ്യവാക്യത്തെ സദാ സ്മരിക്കേണ്ടതാണ്. നാം ചെയ്യുന്ന എല്ലാ നന്മപ്രവൃത്തികളും നാം ഈലോകത്തിൽ അനുഭവിക്കുന്ന പാടുകളും നമുക്കു ലഭിക്കുന്നതിന്നു കഴിവുള്ള ദണ്ഡവിമോചനങ്ങളും, നമുക്കുവേണ്ടി മററുള്ളവർ ചെയ്യുന്ന സൽകൃത്യങ്ങളും മരിച്ച ആത്മാക്കൾക്കുവേണ്ടി കാഴ്ചവെക്കുന്നത് വിശുദ്ധാത്മാക്കളുടെ രക്ഷയെ ഉദ്ദേശിച്ചു ചെയ്യുന്ന എല്ലാ പ്രവൃത്തികളിലുംവെച്ചു പ്രധാന്യവും മഹത്വവുമുള്ള പരസ്നേഹത്തിൻെറ ധിരകൃത്യങ്ങളിൽ ഒന്നാകുന്നു. ആകയാൽ ഈ മാസത്തിൽ ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളുടെ സംഗതിയിൽ പ്രത്യേക ഉണർച്ചയുള്ളവനായിരിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു. ഈശോയുടെ തിരുഹൃദയമേ, മരിച്ച വിശ്വാസികളുടെ ആത്മാക്കളുടെമേൽ ദയയായിരിക്കണമെ, അവർ സമാധാനത്തിൽ ആശ്വസിക്കട്ടെ.

. ഹ്ര . 2 . ഥ

---

## പരിശുദ്ധ മറിയത്തെ വണങ്ങുന്നതും ബഹുമാനിക്കുന്നതും നീതീകരിക്കത്തക്കതോ?

---

ദൈവം ആരെയെങ്കിലും ഒരു മഹാകൃത്യം ചെയ്യുന്നതിനൊ ഒരു ഉന്നത സ്ഥാനത്തിരുന്ന് പ്രവൎത്തിക്കുന്നതിനൊ തെരഞ്ഞെടുക്കുന്ന അവസരത്തിൽ ഒക്കയും ആ സ്ഥാനത്തിനനുസൃതമായ അനുഗ്രഹങ്ങളും കൊടുക്കു എന്നത് ദൈവിക പരിപാലനയുടെ ഒരു സാധാരണ പതിവാകുന്നു. ഇസ്രായേൽ ജനത്തിൻെറ തലവനും വഴികാട്ടിയുമായി മൂശയെ സ്വൎഗ്ഗസ്ഥ പിതാവ് വിളിച്ചപ്പോൾ, തനിക്കു സംസാരിക്കുന്നതിൽ തടവും കൊഞ്ഞയും ഉണ്ടെന്നുള്ള കാരണത്താൽ ആ സ്ഥാനം സ്വീകരിക്കാൻ മൂശ ഒഴിവുകഴിവു പറഞ്ഞു. എന്നാൽ യഹോവാ 'ഞാൻ നിൻെറ ചുണ്ടുകളിൽ ഉണ്ടായിരിക്കും; നീ എന്തു സംസാരിക്കണമെന്നു ഞാൻ നിന്നെ പഠിപ്പിക്കും" (പുറപ്പാട് പുസ്തകം ൪. ൧൨) എന്നു പറഞ്ഞുകൊണ്ട്, അദ്ദേഹത്തെ നിയോഗിച്ച സ്ഥാനത്തിന് വേണ്ടതൊക്കെ എല്ലാം ചെയ്യാമെന്ന് വാഗ്ദാനം ചെയ്തു. ഏറമിയാ ദീൎഘദൎശി ജനനത്തിൽതന്നെ നീതികരിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ ദൈവം അയാളെ ഇസ്രായേൽ ജനത്തിൻെറ മുമ്പാകെ ദൈവപ്രമാണങ്ങളെ ഉപദേശിക്കുന്നതിനുള്ള ദൈവികമനിഷ്പമായി നിയോഗിച്ചിരുന്നു. "നിന്നെ നിൻെറ അമ്മയുടെ ഗൎഭാശയത്തിൽ ഞാൻ ഉണ്ടാക്കുന്നതിന് മുമ്പ് നിന്നെ ഞാൻ ശുദ്ധീകരിച്ചു" (ഏറമിയാ ൧. ൫.) യോഹന്നാൻമാംദാനാ അമ്മയുടെ ഗൎഭപാത്രത്തിൽവെച്ച് തന്നെ പരിശുദ്ധാത്മാവിയാൽ പൂൎണ്ണനായി. എന്തുകൊണ്ടെന്നാൽ ഇദ്ദേഹം കൎത്താവിൻെറ മുന്നോടിയായി നിയോഗിതനായിരുന്നു. ഈ മഹാത്മാവ് കത്തിജ്ജ്വലിക്കുന്നതും പ്രകാശിക്കുന്നതുമായ ഒരു വെളിച്ചമായിരുന്നു." (യോഹന്നാൻ ൧. ൯.) ശ്ലീഹന്മാർ അവരുടെ ദൈവവിളിയുടെ വേലയെ ആരംഭിക്കുന്നതിന് മുമ്പായി തന്നെ, അവരും ദൈവവരപ്രസാദത്താൽ പരിവേഷ്ടിതരും ഭാഷകളുടെ ദാനത്താലും മറേറാരൊ അനുഗ്രഹങ്ങളാലും പരിപൂൎണ്ണരും ആയിരുന്നു. ഇതിനാൽ വിശുദ്ധ ശ്ലീഹാ "ഞങ്ങളുടെ പരിപൂൎത്തി പുതിയ നിയമത്തിൻെറ ശുശ്രൂഷക്കായി ഞങ്ങളെ യോഗ്യരാക്കിയ ദൈവത്തിൽനിന്നാകുന്നു." (കോറിന്ത്യർ. ൨—ാം ലേഖനം ൩. ൬.)

എന്നാൽ മനുഷ്യരക്ഷയുടെ രഹസ്യത്തിൽ പങ്കുകൊണ്ടിരിക്കുന്നവരിൽ ഒരുത്തൎക്കും പരിശുദ്ധ മറിയത്തെപ്പോലെ ഇത്ര ഉയൎന്നതും പരിശുദ്ധവും അന്യൎക്കു ചേരാത്തതുമായ മ്ശിഹായുടെ മാതാവെന്നുള്ള സ്ഥാനം ലഭിച്ചിട്ടില്ല; ലഭിക്കാൻ പാടുള്ളതുമല്ല. തന്നിമിത്തം പരിശുദ്ധമറിയത്തിനു ഉണ്ടായിരിക്കേണ്ടതുപോലെ അത്ര പുണ്യയോഗ്യതയുടെ നിൎമ്മലതയും ആൎക്കും ആവശ്യമായിരുന്നില്ല. കൂടാതെ ദൈവവാക്യത്തെ വഹിക്കുന്നതിനു നിയമിക്കപ്പെട്ടവരായ ദീൎഘദൎശികളേയും ശ്ലീഹന്മാരേയും ഇപ്രകാരം പുണ്യപൂജ്യരായി ദൈവം ചമച്ചു എന്നു വരികിൽ "ആയുസ്സിൻകൎത്താവായ" (നടപടി ൩–൧൫) മ്ശിഹായെത്തന്നെ വഹിക്കുന്നതിനായി പരിശുദ്ധ തമത്രിത്വത്താൽ സ്ത്രീജനങ്ങളിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ട മറിയം എത്രമാത്രം പുണ്യപൂൎണ്ണതയുള്ളവളായിരിക്കേണ്ടതാണ്. കൎത്താവിന്റെ മുൻഗാമിയായി കൎത്താവിന്റെ വഴിയെ തയാറാക്കിയിരുന്ന യോഹന്നാൻ ഇത്രമാത്രം പുണ്യശ്ലോകൻ ആയിരുന്നു എങ്കിൽ, മ്ശിഹായെ പ്രസവിച്ചതന്ന പരിശുദ്ധ മറിയം എത്ര പുണ്യവതിയായിരിക്കണം. യോഹന്നാന്റെ മാതാവു പരിശുദ്ധ ആയിരുന്നു എന്ന് ഇതരക്രിസ്തീയ ശാഖക്കാരരും സമ്മതിക്കുന്നു എങ്കിൽ യോഹന്നാന്റെ നാഥന്റെ അമ്മ എത്ര പരിശുദ്ധ ആയിരിക്കണം. പഴയ നിയമത്തിൽ ബലിക്ക് ഉപയോഗിച്ചിരുന്ന പാത്രങ്ങളെ ,വഹിച്ചിരുന്ന പട്ടക്കാരിൽ നിന്നും ദൈവം ശുദ്ധതയെ ആവശ്യപ്പെടുകയും ദൈവശുശ്രൂഷക്കായി ഉപയോഗപ്പെടുത്തിയിരുന്ന പാത്രങ്ങളും ദേവാലയവും മററു ഉപയോഗങ്ങൾക്കു വിനിയോഗിക്കാതിരിക്കുന്നതിനും കൎശനമായ കല്പനകൊടുക്കുകയും ചെയ്തു സ്ഥിതിക്ക്, ദൈവത്തിന്റെ ഏക കുമാരനായ മനുഷ്യനായിപ്പിറന്ന മ്ശിഹായുടെ അമ്മയെന്ന സ്ഥാനം ഒരാൾക്കു കൊടുക്കണമെങ്കിൽ ആയാളിൽ ദൈവം എത്ര വലിയ പുണ്യപൂൎണ്ണതയും നിൎമ്മലതയും കണ്ടിരിക്കണം എന്നു ഊഹ്യമല്ലെ? "കൎത്താവിന്റെ പാത്രങ്ങളെ വഹിക്കുന്നവരായ നിങ്ങൾ വെടിപ്പുള്ളവരായിരിപ്പിൻ." (ഏശയ്യാ ൩–൧൧)

നാം കന്യകമറിയത്തിനെ ദൈവത്തിന്റെ മാതാവെന്നു നാമകരണം ചെയ്യുമ്പോൾ രണ്ടു കാൎയ്യങ്ങളിലുള്ള നമ്മുടെ വിശ്വാസത്തെ പ്രത്യക്ഷപ്പെടുത്തുന്നു. ഒന്നാമതു അവരുടെ പുത്രനായ ഈശോമ്ശിഹാ സാക്ഷാൽ ദൈവം ആകുന്നു എന്ന് നാം ഏററു പറയുന്നു. ഇപ്രകാരം അല്ലാതെയിരുന്നാൽ ഇവർ ദൈവത്തിന്റെ മാതാവാകാൻ പാടുള്ളതല്ല. രണ്ടാമതു അവരുടെ കുമാരനായ ഈശോമ്ശിഹാ സത്യമായി മനുഷ്യനാകുന്നു എന്നു നാം ഏററു പറയുന്നു. അല്ലാതെ ഇരുന്നാൽ അവർ അമ്മയാകുവാൻ പാടുള്ളതല്ല. വേറെ വിധത്തിൽ പറയുന്നതായാൽ പരിശുദ്ധ തമത്രിത്വത്തിലെ രണ്ടാം ആളും ദൈവവചനവും യുഗങ്ങൾക്ക് മുമ്പായി (അനാദിയിൽ തന്നെ) പിതാവിനാൽ ജനിപ്പിക്കപ്പെട്ടവനും പിതാവിനോടു എല്ലാക്കാൎയ്യങ്ങളിലും കാതലിനടുത്ത വിധത്തിൽ സമത്വമുള്ളവനും (Consubstantial) ആയ പുത്രൻ തമ്പുരാൻ, കാലങ്ങളുടെ പൂൎണ്ണതയിൽ പരിശുദ്ധ മറിയത്തിൽനിന്ന് മനുഷ്യസ്വഭാവത്തെ എടുത്ത് ഈ സ്വഭാവത്തിൽ അവളിൽനിന്ന് യാതൊരു വ്യത്യാസവും ഇല്ലാത്തവനായി പിറന്ന് എന്നുള്ളതാകുന്നു.

എന്നാൽ മത്സരബുദ്ധികൾ മറിയം ദൈവത്തിന്റെ മാതാവല്ലെന്ന് പറയുമായിരിക്കും. യുഗങ്ങൾക്ക് മുമ്പുണ്ടായ ദൈവവചനത്തിന്റെ ജനനത്തിൽ അവൾക്കു യാതൊരു സംബന്ധവുമില്ല. ഉണ്ടാകാൻ പാടുള്ളതുമല്ല. എന്തെന്നാൽ ഈ ജനനം അനാദിയിൽ സംഭവിച്ചു. മറിയത്തിന്റെ മാതൃസ്ഥാനമൊ കാലത്തിനടുത്തതാകുന്നു. ദൈവവചനം (പുത്രൻ തമ്പുരാൻ) അവളുടെ സ്രഷ്ടാവും മറിയം അവിടുത്തെ സൃഷ്ടിയുമാകുന്നു. അതിനാൽ നിങ്ങൾക്ക് വേണമെങ്കിൽ അവളെ മാനുഷിക മ്ശിഹായുടെ അമ്മയെന്നൊ അല്ലെങ്കിൽ ദൈവകുമാരന്റെ മനുഷ്യസ്വഭാവത്തിന്റെ അമ്മയെന്നൊ നാമകരണം ചെയ്തുകൊൾവിൻ. ദൈവത്തിന്റെ അമ്മയെന്ന് ഒരു നാളും പറയാൻ പാടുള്ളതല്ല എ

ന്ന് ഭിന്നവപ്പുകാർ പറയുമായിരിക്കും. ശരി തന്നെ ഇവരുടെ ഈ ആക്ഷേപത്തിന് ഒരു എതിർ ചോദ്യംകൊണ്ടു മറുപടി പറയാം. "നമ്മെ പ്രസവിച്ച മാതാക്കൾക്ക് നമ്മുടെ ആത്മാക്കളെ സൃഷ്ടിക്കുന്നതിൽ വല്ല പങ്കും ഉണ്ടായിരുന്നുവോ? നമ്മിലുള്ള ശ്രേഷ്ഠാംശമായ ഈ ആത്മാവ് ദൈവത്താൽമാത്രം സൃഷ്ടിക്കപ്പെടുന്ന ഒന്നാണല്ലൊ. എന്നാൽ ആരെങ്കിലും അവൻെറ ജനനിയെ എൻെറ ശരീരത്തിൻെറ അമ്മയെന്ന സംജ്ഞകൊണ്ട് നാമകരണം ചെയ്യുന്നുണ്ടോ? എല്ലാവരും എൻെറ അമ്മ എന്നത്രെ പറയുന്നത് (ആത്മാവും ശരീരവും ഉള്ളവനായ എൻെറ അമ്മ) പിതാവ്, സുതൻ, മാതാവ്, പുത്രി എന്നീ പദങ്ങൾ ആളിനെ അത്രെ സൂചിപ്പിക്കുന്നത്. അല്ലാതെ ആളിൽ ഉള്ള ഒരു ഭാഗത്തെ അല്ലാ. അതിനാൽ എൻെറ ശരീരത്തിൻെറ അമ്മയെന്നു ആരും പറയാതെ എൻെറ അമ്മ എന്നത്രെ പറയുന്നത്.

തദ്വാരാ മനുഷ്യബോധത്തിൽ ദൈവത്തിൻെറ മനുഷ്യാവതാര രഹസ്യത്തെക്കുറിച്ച്, സ്വാഭാവിക സംഭവത്തിൽ ഉള്ളതുപോലെ പറഞ്ഞാൽ, അത് ഇപ്രകാരമായിരിക്കും. അതായത് പരിശുദ്ധകന്യകയുടെമേൽ ഉണ്ടായ പരിശുദ്ധാരൂപിയുടെ നിഴലിപ്പാൽ അവർ അവരുടെ കന്യാത്വത്തിനു യാതോരു ഭംഗവും നേരിടാതെ ഗർഭംധരിക്കയും മററുള്ള തള്ളമാരെപ്പോലെ ഇവർ സ്വരക്തംകൊണ്ടു ആ ബീജത്തെ പുലകത്തുകയും അതിൽ നിത്യപിതാവു ദ്ധതയുള്ള ഒരു ആത്മാവിനെ സൃഷ്ടിച്ചു സ്ഥാപിക്കയും ഇപ്രകാരം ഉണ്ടാക്കപ്പെട്ട ശരീരത്തേയും ആത്മാവിനേയും പുത്രൻതമ്പുരാൻ എടുത്തു മനുഷ്യാവതാരം ചെയ്യുകയും ചെയ്തു. (ശരീരസൃഷ്ടിപ്പും ആത്മചിന്തലും കഴിഞ്ഞ് കുറേ വിനാഴികയെങ്കിലും കഴിഞ്ഞിട്ടല്ലാ അതിനെ പുത്രൻതമ്പുരാൻ അംഗീകരിച്ചത്. ശരീരസൃഷ്ടിപ്പും, ആത്മചിന്തലും, പുത്രൻതമ്പുരാൻെറ സ്വീകരണവും എല്ലാം ഒരേ വിനാഴികയിൽതന്നെ കഴിഞ്ഞു.) ഈ അർത്ഥത്തിലാകുന്നു നെസ്തോറിയൻ ഇടത്തുടിനു എതിരായി ൪൩൧-ാം കാലം എഫേസ്സിൽ കൂടി സൂനഹദോസിൽ മറിയത്തെ ദൈവത്തിൻെറ അമ്മയെന്നു നാമകരണം ചെയ്തത്. ഇതിനാൽ ആകുന്നു അവരെ പരിശുദ്ധ തിരുസഭ ദൈവമാതാവെന്നു വിളിക്കുന്നത്. തന്നിമിത്തം മററെല്ലാ പരിശുദ്ധന്മാരേയും മാലാഖാമാരേയുംകാൾ മറിയത്തിനുള്ള സ്ഥാനത്തേയും പുണ്യപൂർണ്ണതയേയും കാണിക്കുന്നതുകൂടാതെ അവക്കു പിതാവിനോടും പുത്രനോടും പരിശുദ്ധാരൂപിയോടും ഉള്ള സംബന്ധത്തേയും മൈത്രിയേയും വിശദീകരിക്കയും ചെയ്യുന്നു. വേഡ്സ്വത്ത് എന്ന മഹാൻ പറയുന്നതുപോലെ "മറിയം അവളിൽതന്നെ ഒരു മാതാവിൻെറ സ്നേഹത്തേയും ഒരു കന്യകയുടെ ശുദ്ധതയേയുംകൂട്ടി സംയോജിപ്പിച്ചു." കത്തോലിക്കാ തിരുസഭ, മറിയം അവളുടെ ജീവിതകാലം മുഴുവനും കന്യകയായിരുന്നു എന്നു പഠിപ്പിക്കുന്നു. അതായത് കല്യാണത്തിനുമുമ്പും ദാമ്പത്യജീവിതത്തിലും ഭർത്താവിൻെറ മരണശേഷവും അവർ കന്യകയായിരുന്നു. "യൌസേപ്പു എന്നു പേരുള്ളവനായ ഒരാളോടു കല്യാണംചെയ്യപ്പെട്ട ഒരു കന്യകയുടെ പക്കലേക്കു ഗൌറിയേൽ ദൈവദൂതൻ ദൈവത്താൽ അയക്കപ്പെട്ടു...... കന്യകയുടെ പേർ മറിയം എന്നായിരുന്നു." (ലൂക്കാ. ൧– ൨൬, ൨൭)

മറിയം ഈശോയുടെ ജനനംവരെ കന്യകയായിരുന്നുയെന്നു സുവിശേഷംതന്നെ സാക്ഷിക്കുന്നു. "അവരുടെ കടിഞ്ഞൂൽപുത്രനെ പ്രസവിക്കുന്നതുവരെ അവളെ അയാൾ അറിഞ്ഞിരുന്നില്ലാ (കായികമായി). (മത്തായി ൧. ൨൫.) അവളുടെ പിൻജീവിതത്തിലും അവൾ അപ്രകാരം (കന്യകയായി) തന്നെ ഇരുന്നു എന്നുള്ളതും അവിതർക്കിതമാണ്. എന്തെന്നാൽ ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിലും നിക്യാ സൂനഹദോസിൽ ഉണ്ടാക്കപ്പെട്ട വിശ്വാസപ്രമാണത്തിലും അവളെ 'കന്യക'യെന്ന പേരാൽ സംബോധന ചെയ്യുന്നു. ഈ സംബോധന ദിവ്യരക്ഷകൻെറ ജനനംവരേയുള്ള കാലഘട്ടത്തെമാത്രമെ സൂചിപ്പിച്ചിരുന്നൊള്ളു എന്നതിനു യാതൊരു തെളിവുമില്ലാ. മാത്രമല്ലാ ഈ സംബോധന അവളുടെ ജീവിതകാലം മുഴുവനിലും ശരിയായിരുന്നു

യെന്നു തെളിവായിരിക്കയും ചെയ്യുന്നു.

എന്തെന്നാൽ ഈ വിശ്വാസ പ്രമാണങ്ങൾ രണ്ടും അവർ ഇഹലോകവാസം വെടിഞ്ഞു അനേക കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷമത്രെ നിർമ്മിതങ്ങളായതു്. മാത്രമല്ല രണ്ടും റൂഹാദ്ക്കുദശായുടെ പ്രേരണയാൽ ചമയ്ക്കപ്പെട്ടതുമാണ്. പരിശുദ്ധാരൂപി ഒരു കള്ളത്തെ അവരുടെ ബോധത്തിൽ ജനിപ്പിച്ചുകൊടുത്തു എന്നു പറയുന്നതിൽപരം തെററായ ഒരു പ്രവൃത്തിയും ഇല്ല. കൂടാതെ ദിവ്യപൂജയിലെ കാനോൻ എന്ന ഭാഗത്തു് "മഹിമയുള്ള എപ്പോഴും കന്യക" എന്നാണ് അവർ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നതു്. ഈ സംബോധന കത്തോലിക്കാപാരമ്പര്യ പഠനമാകുന്നു. മറിയം അവരുടെ ദിവ്യ കുമാരന്റെ ജനനാനന്തരവും കന്യകയായിരുന്നുയെന്നു സുബുദ്ധി തന്നെ സാക്ഷിക്കുന്നു. എന്തെന്നാൽ ഇംഗ്ലണ്ടിലെ എപ്പിസ്കോപ്പൽ ചർച്ചിലെ മെത്രാനായിരുന്ന ബൽ (Bull) എന്ന മെത്രാൻതന്നെ ഇപ്രകാരം പറയുന്നു. "ഒരിക്കൽ ദൈവതാത്തിന്റെ യോഗ്യമായ ആസന സ്ഥാനമായിരിക്കുന്നതിലേക്കായി പ്രതിഷ്ഠിക്കപ്പെട്ട എത്രയും പരിശുദ്ധമായപാത്രം (മറിയത്തിന്റെ ഗർഭപാത്രം) പിന്നീട മനുഷ്യരുടെ ഉപയോഗത്താൽ മലിനീകൃതമായി എന്നു വിചാരിക്കുന്നതു ഏററവും അനുചിതമാണ്." പ്രഖ്യാതന്മാരായ ഗ്രോസീയൂസ്, കാൽവിൻ മുതലായ പ്രോട്ടസ്റ്റാന്റുകാരും ഈ അഭിപ്രായത്തെ അനാദരിക്കുന്നില്ല. (തുടരും)

കണിയാമ്പടിക്കൽ ദേവസ്യാകത്തനാർ.

---

## ഭക്തജീവിതപ്രവേശനം.

---

### പത്താം അദ്ധ്യായം.

### രണ്ടാം ധ്യാനം.

### നമ്മുടെ സൃഷ്ടിയുടെ അന്ത്യം.

സന്നദ്ധത.

നിന്നെ ദൈവസന്നിധിയിൽ നിറുത്തുക. ൨. നിന്നെ സഹായിപ്പാനായി തന്നോടപേക്ഷിക്ക.

### ചിന്തകൾ.

നിന്നെക്കൊണ്ടു തനിക്ക് യാതൊരു പ്രയോജനവുമില്ലാത്തതിനാൽ തന്റെ ആവശ്യത്തിനായിട്ടല്ലാ നിന്നെ ഈ ലോകത്തിൽ ദൈവം വച്ചിരിക്കുന്നതു; പിന്നയൊ, നിനക്ക് തന്റെ വരപ്രസാദവും മഹിമയും തന്നു് തന്റെ നന്മയെ നിന്നിൽ കാണിപ്പാൻ മാത്രമാണ്. ഇതിനായിട്ടു് തന്നെ അറിയുന്നതിനു ബുദ്ധിയും, ഓക്കുന്നതിനു ഓർമ്മയും സ്നേഹിക്കുന്നതിനു മനസ്സും, തന്റെ മനോഗുണങ്ങളെ നിന്നിൽ രൂപീകരിക്കുന്നതിനു ഒരു ഭാവനാശക്തിയും, തന്റെ അത്ഭുതപ്രവൃത്തികളെ കാണുന്നതിനു കണ്ണും, തന്നെ സ്തുതിക്കുന്നതിനു നാവും ഇങ്ങനെ മററു ശക്തികളും താൻ നിനക്കു തന്നു.

൨. ഈ ഉദ്ദേശ്യത്തോടെ സൃഷ്ടിച്ചു ലോകത്തിൽവച്ചിരിക്കുന്നതിനാൽ അതിനു വിരോധമായ സകല പ്രവൃത്തികളേയും ത്യജിച്ചു് അതിനുപകരിക്കാത്തവയെ വ്യത്ഥവും അനാവശ്യവുമായി വിചാരിച്ചു തള്ളിക്കളയണം.

൩. വീടുപണിയുന്നതിനും വൃക്ഷങ്ങൾ നടുന്നതിനും ധനം ശേഖരിക്കുന്നതിനും മററു് ഇത്യാദി ഭോഷത്തങ്ങളിൽ രസിക്കുന്നതിനുമല്ലാതെ മറെറാന്നിനുമല്ലാ സൃഷ്ടിച്ചതെന്നു വിചാരിക്കുന്നുവെന്നു തോന്നുമാറു് തങ്ങളുടെ അന്ത്യത്തെ ഒരിക്കല്യം വിചാരിക്കാതെ ജീവിക്കുന്ന ലോകമനുഷ്യരുടെ നികൃഷ്ടതയെപ്പററി ധ്യാനിക്കുക.

### സ്നേഹചിന്തകളും പ്രതിജ്ഞകളും.

നിന്നെത്തന്നെ ഭയപ്പെടുത്തുക. ഈ സത്യങ്ങളെപ്പററി അപൂവ്വമായൊ അല്ലെങ്കിൽ ഒരിക്കല്യമൊ വിചാരിക്കാതിരിക്കത്തവണ്ണം അത്ര ഉഗ്രമായ അതിന്റെ നിർഭാഗ്യത്തെപ്പററി ആത്മാവിനെ ശാസിക്കുക.

അയ്യോ! അങ്ങേപ്പററി വിചാരിക്കാതെ, എന്റെ ദൈവമേ, ഞാനെന്തിനെക്കുറിച്ചു് വിചാരിച്ചുകൊണ്ടിരുന്നു? അങ്ങേ മറന്നു് ഞാനോത്തതു് എന്തു? അങ്ങേ സ്നേഹിക്കാതെ എന്തിനെ ഞാൻ സ്നേഹിച്ചു? കഷ്ടം! ഞാൻ സത്യത്തിന്മേൽ ഉപജീവിക്കേണ്ടിയിരുന്നിട്ടും മായകൊ

ണ്ടു് എന്നെ ഞാൻ നിറച്ചു; എന്നെ ശുശ്രൂഷിക്കുന്നതിനായി മാത്രം സൃഷ്ടിക്കപ്പെട്ട ലോകത്തെ ഞാൻ ശുശ്രൂഷിച്ചു.

൨. നിന്റെ കഴിഞ്ഞ ജീവിതത്തെ വെറുക്കുക. ഒ! മിത്ഥ്യാചിന്തകളേ, നിഷ്പ്രയോജകരവിനോദങ്ങളേ, ഞാൻ നിങ്ങളെ ഉപേക്ഷിക്കുന്നു. ഒ! നിന്ദ്യവും നിസ്സാരവുമായ സ്മരണകളേ, നിങ്ങളെ ഞാൻ ശപഥപൂർവ്വം നിഷേധിക്കുന്നു. ഓ! വ്യാജവും മ്ളേച്ഛവുമായ സ്നേഹങ്ങളെ! അശുദ്ധവും ഹീനവുമായ ദാസ്യങ്ങളെ, നീചസന്തോഷങ്ങളെ, വെറുപ്പുവരുത്തുന്ന ജഡാഭിലാഷങ്ങളെ, നിങ്ങളെ ഞാൻ വെറുക്കുന്നു.

ദൈവത്തിങ്കലേക്കു പിന്തിരിയുക. എന്റെ ദൈവമേ, എന്റെ രക്ഷിതാവേ, ഇനിമേൽ എന്റെ വിചാരങ്ങളുടെ ഏക വിഷയം അങ്ങുന്നായിരിക്കും. ഞാൻ ഇനി ഒരിക്കലും അങ്ങേക്കു് അനിഷ്ടം വരുത്തുന്ന വിനോദങ്ങളിൽ എന്റെ മനസ്സുവെക്കയില്ല. എന്റെ ജീവിതകാലമൊക്കെയും എന്റെനേരെ ഇത്ര മാധുര്യത്തോടെ കാട്ടിയ അങ്ങേ കൃപാധിക്യത്തെ ഞാനോക്കും. അങ്ങിന്നു് മാത്രമായിരിക്കും എന്റെ ഹൃദയത്തിന്റെ ഏക സന്തോഷവും സ്നേഹങ്ങളുടെ മാധുര്യവും.

ഹാ, അതിനാൽ ഇതുവരെ ഞാൻ ശ്രദ്ധിച്ചിരുന്ന നിസ്സാരകാര്യങ്ങളും ഭോഷത്തങ്ങളും ഞാൻ ദിവസംകഴിച്ചിരുന്ന വ്യർത്ഥജോലികളും എന്റെ ദ്വേഷവിഷയം ആകട്ടെ. ഈ ഉദ്ദേശ്യത്തോടെ ഞാൻ ഇന്നിന്ന തക്കപ്രതിവിധികളെ ചെയ്യും.

ഉപസംഹാരം.

ഇപ്രകാരമുള്ള വിശിഷ്ടാന്ത്യത്തിനായി നിന്നെ സൃഷ്ടിച്ച ദൈവത്തിനു നന്ദിപറയുക. ഒ! കർത്താവേ, അങ്ങുന്നു് എന്നെ അങ്ങേക്കായും അങ്ങേ അജ്ഞാത മഹിമയെ നിത്യമായി അനുഭവിക്കുന്നതിനായും സൃഷ്ടിച്ചു. ഓ! എപ്പോൾ ഞാനിതിനു യോഗ്യനാകും? എന്റെ കടമപോലെ എപ്പോൾ ഞാൻ അങ്ങേ വാഴ്ത്തും!. ൨. നിന്നെ ദൈവത്തിനു കാഴ്ചവക്കുക. ഓ പ്രിയ സ്രഷ്ടാവേ, എന്റെ പൂർണ്ണഹൃദയത്തോടും ആത്മാവോടും ഈ എല്ലാ സ്നേഹവിചാരങ്ങളേയും നിശ്ചയങ്ങളേയും അങ്ങേക്കു ഞാൻ കാഴ്ചവെക്കുന്നു. ൩. പ്രാർത്ഥിക്കുക. ദൈവമേ, ഈ ആഗ്രഹങ്ങളേയും പ്രതിജ്ഞകളേയും കൈക്കൊണ്ടു്, അങ്ങേ പരിശുദ്ധ പുത്രൻ കുരിശിന്മേൽ എനിക്കായി ചിന്തിയ തിരുരക്തത്തിന്റെ യോഗ്യതയാൽ ഇവയെ നിവർത്തിപ്പാൻ എന്റെ ആത്മാവിനെ ത്രാണിയുള്ളതാക്കി അനുഗ്രഹിക്കണമെന്നു് അങ്ങേയോടു ഞാൻ അപേക്ഷിക്കുന്നു. ആകാശ: നന്മനിറഞ്ഞ:

## പതിനൊന്നാം അദ്ധ്യായം.

### മൂന്നാം ധ്യാനം.

### ദൈവമനോഗുണങ്ങൾ.

സന്നദ്ധത.

നിന്നെ ദൈവസന്നിധിയിൽ നിറുത്തുക. ൨. നിന്നെ പ്രേരിപ്പിക്കുന്നതിനായി തന്നോടു യാചിക്കുക.

ചിന്തകൾ.

ദൈവം നിനക്കു തന്നിരിക്കുന്ന ശാരീരികനന്മകളെ ചിന്തിക്കുക. എന്തൊരത്ഭുതശരീരം! അതിന്റെ സംരക്ഷണക്കായുള്ള സൌകര്യങ്ങൾ എത്ര? എത്ര സൌഖ്യം! അതിന്റെ ഉപയോഗാർത്ഥമുള്ള ന്യായമായ ആശ്വാസങ്ങളും രക്ഷക്കായിട്ടുള്ള വിനോദങ്ങളും എന്തുമാത്രം? എത്ര സ്നേഹിതന്മാർ! എന്തു സഹായങ്ങൾ! ഈ അനുഗ്രഹങ്ങളില്ലാത്ത നിന്നെക്കാൾ യോഗ്യന്മാരായ മററനേകരുടെ സ്ഥിതി എത്ര വ്യത്യസ്ഥമായിരിക്കുന്നു. ചിലക്കു ശരീരസ്വാധീനമില്ല; സുഖമില്ല, അംഗസ്വാധീനമില്ല. മററു ചിലർ ഉപേക്ഷിക്കപ്പെട്ടു് അപമാനത്തിനും നിന്ദക്കും ദുഷ്കീർത്തിക്കും പാത്രീഭവിച്ചിരിക്കുന്നു. വേറെ ചിലർ ആകട്ടെ ദാരിദ്ര്യത്താൽ പീഡിക്കപ്പെടുന്നു; എന്നാൽ ദൈവം, നിന്നെ അപ്രകാരം നിർഭാഗ്യനാകുവാൻ സമ്മതിച്ചില്ല. ൨. മാനസികദാനങ്ങളെ ഓർത്തുനോക്കുക. ലോകത്തിൽ എത്രയോ മൂഢരും ചിത്തഭ്രമക്കാരും അഥവാ ഭ്രാന്തരുമുണ്ടു്; ഈ ഗണത്തിൽ എന്തുകൊണ്ടാണു് നീ ഉൾപ്പെടാതിരിക്കുന്നതു്? ദൈവത്തിന്റെ പരമദയകൊണ്ടാണു്. നിർമ്മര്യാദയിലും അജ്ഞതയിലും വളർത്തപ്പെട്ടവരായി എത്രയോ ആളുകളുണ്ടു്. നിന

ക്കൊ എന്നാൽ ദൈവസഹായത്താൽ ഒരു നല്ലവിദ്ദ്യാഭ്യാസം സിദ്ധിച്ചിട്ടുണ്ടല്ലൊ.

൩. ആത്മിക നന്മകളെപ്പററി വിചാരിച്ചുനോക്കുക. ഫിലോത്തയാ! നീ കത്തോലിക്കാ സഭയുടെ ഒരംഗമാണ്. ദൈവത്തെ അറിയുന്നതിനു നിന്റെ ചെറുപ്പം മുതല്ക്കെ താൻ നിന്നെ പഠിപ്പിച്ചു. എത്രയൊ പ്രാവശ്യം തന്റെ കൃദാശകളെ നിനക്കു തന്നു? നിന്നെ നന്നാക്കുന്നതിനായിട്ടുള്ള ആത്മികപ്രകാശങ്ങളും ശാസനകളും എത്രവളരെ? എത്ര കൂടക്കൂടെ നിന്റെ പാപങ്ങളെ താൻ പൊറുത്തു? നിത്യനാശാപകടങ്ങളിൽനിന്ന് എത്ര പ്രാവശ്യം നിന്നെ താൻ രക്ഷിച്ചു? രക്ഷാപ്രാപ്തിക്കായിട്ടുള്ള ശുഭാവസരങ്ങളായിട്ടല്ലയൊ ഈ കഴിഞ്ഞകൊല്ലങ്ങളെയെല്ലാം നിനക്കു താൻ നൽകിയതു? ദൈവം നിന്നോട് എത്ര നല്ലവനും കരുണയുള്ളവനുമായിരുന്നു എന്നു ഓരൊ പ്രത്യേക സംഗതികളേയും എടുത്ത് സാവധാനം[ill] ചിന്തിക്ക.

സ്നേഹചിന്തകളും പ്രതിജ്ഞകളും.

ദൈവനന്മയെപ്പററി ആശ്ചര്യപ്പെടുക. ഓ എന്റെ ദൈവം എന്നോട് എത്ര കൃപയുള്ളവനാകുന്നു! ഓ സാക്ഷാൽ എത്രയൊ നല്ല ആൾ! ഓ കത്താവേ, അങ്ങേ ഹൃദയം അനുഗ്രഹത്തിൽ എത്ര സമൃദ്ധവും ശാന്തതയിൽ എത്ര സംപൂർണ്ണവുമാകുന്നു!. എന്റെ ആത്മാവേ, ദൈവം നമുക്കായി ചെയ്തിട്ടുള്ള അസംഖ്യങ്ങളായ അനുഗ്രഹങ്ങളെക്കുറിച്ച് സദാ നമുക്കു വിചിന്തനം ചെയ്യാം. ൨. നിന്റെ കൃതഘ്നതയെപ്പററി ആശ്ചര്യപ്പെടുക. ഓ! കത്താവേ, എന്നെ ഇത്ര ഓൎപ്പാൻ ഞാനെന്താണ്? ഹാ! എന്റെ അയോഗ്യത എത്ര വലുത്? അയ്യോ! ഞാൻ അങ്ങേ അനുഗ്രഹങ്ങളെ ചവുട്ടി; അങ്ങേ വരപ്രസാദങ്ങളെ, അങ്ങേ പരമനന്മയെ അപമാനിച്ച് ധിക്കരിക്കുന്നതിനായുപയോഗിച്ചു; അങ്ങേ ദയയുടെയും അനുഗ്രഹത്തിന്റേയും കടലിനെ നന്ദികേടിന്റെ കടലാൽ ഞാൻ എതിൎത്തു.

൩. കുററസമ്മതത്തിനായി നിന്നെത്തന്നെ പ്രേരിപ്പിക്കുക. കൊള്ളാം, ആകയാൽ എന്റെ ഹൃദയമേ, ഇനിമേൽ നിന്റെ മഹാ ഉപകാരിയോട് അവിശ്വസ്തതയും, കൃതഘ്നതയും, സ്വാമിദ്രോഹവും കാണിക്കയില്ലെന്ന് ഇപ്പോൾ തന്നെ പ്രതിജ്ഞചെയ്യുക. എന്ത്? എന്നിലും എനിക്കുമായി ഇത്ര വളരെ അത്ഭുതങ്ങളേയും വരപ്രസാദങ്ങളേയും പ്രയോഗിച്ച ദൈവത്തിന് മേലാൽ എന്റെ ആത്മാവ് പൂൎണ്ണമായി അധീനപ്പെടുകയില്ലെന്നൊ?

൪. ഹാ! ഫിലോത്തയാ, നിന്റെ ശരീരത്തിന് ഇത്ര വളരെയൊക്കെ ചെയ്യു ദൈവശുശ്രൂഷക്കായി, ഇന്നിന്ന ഇന്ദ്രിയ സന്തോഷങ്ങളിൽനിന്നും അതിനെ പിൻവലിച്ച് പ്രതിഷ്ഠിക്കുക. തന്നെ അറിഞ്ഞ് ഉപകാരസ്മരണചെയ്യുന്നതിനാവശ്യമുള്ള ഇന്നിന്ന അഭ്യാസങ്ങളിൽ നിന്നെ പരിശീലിപ്പിക്കുക. നിന്റെ ആത്മരക്ഷക്കും ദൈവസ്നേഹത്തിനും നിന്നെ സഹായിക്കുന്ന തിരുസഭയുടെ മാൎഗ്ഗങ്ങളെ ഉത്സാഹപൂൎവ്വം നീ ഉപയോഗിക്ക. എന്റെ ദൈവമേ, ഒവ്വ്, കൂടക്കൂടെ പ്രാൎത്ഥിപ്പാനും കൃദാശകൾ കൈക്കൊള്ളുവാനും ഞാൻ ഉത്സാഹിയായിരിക്കുന്നുണ്ട്. അവിടുത്തെ വിശുദ്ധ വചനങ്ങളെ ശ്രദ്ധിച്ച്, അങ്ങേ പ്രോത്സാഹനങ്ങളേയും ഉപദേശങ്ങളേയും നടപ്പിൽ വരുത്തും.

ഉപസംഹാരം.

ഇപ്പോൾ നിന്റെ കടമകളെ ദൈവം അറിയിച്ചതിനും ഇതുവരെ ചെയ്തിട്ടുള്ള സകല നന്മകൾക്കുമായി അവിടുത്തേക്കു നന്ദിപറയുക. ൨. നിന്റെ സകല പ്രതിജ്ഞകളോടുംകൂടി നിന്റെ ഹൃദയത്തേയും അങ്ങേക്ക് പ്രതിഷ്ഠിക്ക.

൩. അവയെ വിശ്വസ്തതയോടെ പ്രവൃത്തിയിൽ വരുത്തുന്നതിനായി, തന്റെ പുത്രന്റെ യോഗ്യതകളും മരണവും ഓൎത്ത് സഹായിപ്പാൻ ദൈവത്തോടപേക്ഷിക്ക. പരിശുദ്ധ കന്യകയുടെയും പുണ്യവാന്മരുടെയും മാദ്ധ്യസ്ഥവും പ്രാൎത്ഥിക്ക. ആത്മീയമായ പൂച്ചെണ്ടുണ്ടാക്കുക.

ആകാ: നന്മ:

## വി. ബെത്ത്ലൂമ്മെയുടെ അന്ന എന്ന ധന്യയുടെ ജീവചരിത്രം.

അദ്ധ്യായം ൨.

അവളുടെ സഹോദരങ്ങൾ അവളെ ലോകത്തിൽ നിറുത്താൻ ശ്രമിക്കുന്നു. പരിശുദ്ധ കന്യകയുടെ ആശ്രയംതേടുന്നു. ആശയടക്കങ്ങൾ. കർമ്മേൽ സഭയിലേക്കുള്ള ദൈവവിളിയെ അറിയുന്നു.

എന്റെ സഹോദരങ്ങൾ എനിക്കു തക്ക പ്രായമായി എന്നുകണ്ടു എന്നെ വൈവാഹികാന്തസ്സിൽ പ്രവേശിപ്പിക്കുവാൻ യത്നിച്ചുതുടങ്ങി. എനിക്കാവട്ടെ ഏതാദൃശമായ ഒരു വിചാരംപോലും ഉണ്ടായിട്ടില്ലാ. ആ സന്ദർഭത്തിൽ എനിക്കു മാതാവായി ഞാൻ തിരിഞ്ഞെടുത്തിരുന്ന പരിശുദ്ധ മറിയത്തിന്റെയും എന്റെ പ്രിയപ്പെട്ട പുണ്യവാന്മാരുടെയും സഹായം അപേക്ഷിക്കയും എന്റെ പുണ്യാഭ്യാസങ്ങളേയും തപഃക്രിയകളേയും പൂർവ്വാധികം വർദ്ധിപ്പിക്കുകയും ചെയ്തു. ഞാൻ പള്ളിയിൽപോയി അമലോത്ഭവ കന്യകയുടെ കപ്പേളയിൽ ഒളിച്ചിരുന്ന്, ഈ അമ്മയുടെ കടാക്ഷം എന്റെമേലുണ്ടാകുമാറു സാഷ്ടാംഗംവീണു പ്രാർത്ഥിച്ചിരുന്നു. ഈ കാലസന്ധിയിൽ ഒട്ടുവളരെ പരീക്ഷകളും എനിക്കുണ്ടായി. തന്നിമിത്തം അതിയായ വ്യസനവും മനഃക്ലേശിതവും എനിക്കു തോന്നിയിരുന്നു. അതേസമയംതന്നെ വളരെ പൈശാചിക തന്ത്രങ്ങളും എന്നെ പീഡിപ്പിക്കയുണ്ടായി. ആസന്ദർഭങ്ങളിൽ കൊരടാവുകൊണ്ടു ഞാൻതന്നെ എന്നെ അടിക്കയും ഒരു ഗുഹയിൽ കയറി പരീക്ഷ മാറുന്നതുവരെ പ്രാർത്ഥിച്ചുകൊണ്ടിരിക്കയും ചെയ്ക പതിവായിരുന്നു. ചിലപ്പോൾ പൊട്ടിയ പിഞ്ഞാണക്കഷണങ്ങൾ നിരത്തി അതിന്മേൽ കിടക്കയും എന്റെ ഉൾവസ്ത്രം ദരിദ്രന്മാർക്കു ദാനം ചെയ്തശേഷം അതിനുപകരം കമ്പിളിച്ചട്ടയെ ധരിക്കയും ചെയ്തിരുന്നു. തലയിണക്കു പകരം ഒരു വലിയ കല്ലായിരുന്നു ഉപയോഗിച്ചിരുന്നത്. ഒരിക്കൽ എനിക്കു ഉറക്കത്തിൽവെച്ചു ഒരു കാഴ്ചയുണ്ടായി. ഉണ്ണിയീശോയെ കരങ്ങളിൽ എടുത്തുകൊണ്ട് അത്യന്ത ശോഭയോടെ പരിശുദ്ധ മാതാവു എന്റെ സമീപം പ്രത്യക്ഷയായി മഹിമയുള്ള ഒരു സിംഹാസനത്തിൽ ഉപവിഷ്ടയായിട്ടു ദയാപൂർവ്വം എന്നെ കടാക്ഷിച്ചു. ദിവ്യ ഉണ്ണി വാത്സല്യത്തോടെ എന്റെ ജപമാലയെ പിടിച്ചുവലിച്ചു എന്നെ ഉണർത്തിയതിന്റെശേഷം ദൈവജനനി എന്നോടു ഇപ്രകാരം അരുളിച്ചെയ്തു: "നീ ഒന്നുകൊണ്ടും ക്ലേശിക്കേണ്ട; ഒട്ടും പേടിക്കയുംവേണ്ടാ. ഞാൻതന്നെ നിന്നെ ഒരു കന്യകാശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോകയും അവിടെ നീ എന്റെ സഭാവസ്ത്രം ധരിച്ച് കന്യകാജീവിതം നയിക്കയും ചെയ്യുന്നതാണ്." ഇതു അരുളിച്ചെയ്തശേഷം സ്വർഗ്ഗരാജ്ഞി അപ്രത്യക്ഷയായി. ഈ തിരുവചനങ്ങൾ കേട്ടപ്പോൾ എനിക്കുണ്ടായ ആശ്വാസവും ദൈവശുശ്രൂഷയിൽ ഉളവായ ആഗ്രഹവും കേവലം അവർണ്ണനീയമായിരുന്നു.

ഒരു ദിവസം എന്റെ സംബന്ധക്കാർ എന്നെ വിവാഹത്തിനായി നിർബ്ബന്ധിക്കയിൽ എന്നിലുളവായ വിചാരം ഇപ്രകാരമായിരുന്നു. എത്രയും ജ്ഞാനിയും കോമളനുമായ ഒരാളായിരുന്നാൽ (ഇപ്രകാരം ഒരാളെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല.) അയാളെ എന്റെ മണവാളനായി സ്വീകരിക്കുന്നതിൽ ഒരു പാപവും ഉണ്ടായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ ഏതാദൃശനായ ഒരാൾ എന്റെ പുണ്യജീവിതത്തിനും കന്യാവ്രതാനുഷ്ഠാനത്തിനും യാതൊരു തടസ്സവും ചെയ്യാതെ അനുകൂലിയും സംരക്ഷകനും ആയിരിക്കാനെ തരമുള്ളു. എന്നാൽ ഈ സൽഗുണങ്ങളില്ലാത്ത ഒരാളായിരുന്നാൽ, ലോകം മുഴുവനും എനിക്കു സമ്മാനമായി കിട്ടിയാലും അയാളെ ഞാൻ സ്വീകരിക്കുന്നതല്ല. ഒരിക്കൽ ഈശോമിശിഹാ അത്യന്തപ്രതാപവും മഹിമയും ഉള്ളവനായി എനിക്കു കാണപ്പെട്ടു് ഇപ്രകാരം അരുളിച്ചെയ്കയുണ്ടായി. "നിനക്കു ഏററവും ഇഷ്ടപ്പെടുന്ന വരൻ ഞാനാകുന്നു. എന്നോടു നീ ആത്മീയമായ ഐക്യം നടത്തുകയുംവേണം." ഇപ്രകാരം പറഞ്ഞതിന്റെശേഷം അവിടുന്നു മറഞ്ഞുപോയി. അപ്പോൾ അവിടുത്തെപേരിൽ എനിക്കുണ്ടായ സ്നേഹപാരവശ്യം വളരെയായി

രുന്നു. അന്നുമുതൽ തന്റെനേർക്കു എന്നിലുളവായ സ്നേഹവികാരങ്ങൾ ഉഗ്രമായവയും പ്രകൃതിയുടെ ശക്തിയെ കവിയുന്നവയും ആയിരുന്നു. ഈ സ്വർഗ്ഗീയസ്നേഹിതനുവേണ്ടി എന്തു ചെയ്യേണ്ടു എന്നല്ലാതെ വേറൊരു ചിന്തയും എനിക്കുണ്ടായിരുന്നില്ല. തന്റെ സ്നേഹത്തേക്കുറിച്ച് ബുദ്ധിമുട്ടുകളും ആക്ഷേപങ്ങളും സഹിക്കുന്നതിനും ഒരു ദോഷിണിയായി ഗണിക്കപ്പെടുന്നതിനും ഞാൻ അതീവ ആഗ്രഹിച്ചിരുന്നു.

ഒരു ദിവസം എന്റെ ജ്യേഷ്ഠസഹോദരി എന്നോടു അവളുടെ വീട്ടിൽ ചെല്ലേണമെന്നാവശ്യപ്പെടുന്നതായി ഒരാളെ പറഞ്ഞയച്ചു. ജ്യേഷ്ഠത്തിയുടെ വീട്ടിൽ വേറെ വിശേഷാൽ വല്ലവരും ഉണ്ടോ എന്നു ഞാൻ ചോദിച്ചതിൽ അവളുടെ ഭർത്താവിന്റെ ഇളയ സഹോദരൻ കൂടെ വന്നിട്ടുണ്ടെന്നു പറഞ്ഞു. അവരുടെ ഉദ്ദേശ്യവും ശ്രമവും എന്താണെന്നു എനിക്കു മനസ്സിലായതിനാൽ പാചക മുറിയിൽ നിന്നും ഒരു മുഷിഞ്ഞ വസ്ത്രം എടുത്തു ഏററവും പ്രാകൃതമായ വേഷം അണിഞ്ഞു അവരുടെ ഭവനത്തിലേക്കു പുറപ്പെട്ടു. വാതുക്കൽ ചെന്ന ഉടൻ ജ്യേഷ്ഠത്തി ഏററവും നീരസഭാവത്തിൽ "നീ എവിടെപ്പോകുന്നു? ഛെ! അവലക്ഷണം. ഇവിടെ കയറേണ്ടാ, പൊ! എന്നു പറഞ്ഞു ശകാരിച്ചു. അപ്പോൾ വന്ന മാഗ്ഗെ സന്തോഷഭരിതയായി വീട്ടിലേക്കു മടങ്ങുകയും ചെയ്തു. അന്യന്മാരുമായുള്ള സംഭാഷണത്തെയും അതിനുള്ള അവസരത്തെയും ഞാൻ കഴിയുന്നപോലെ വജ്ജിക്കയാണു ചെയ്തിട്ടുള്ളത്. എന്റെ സഹോദരങ്ങളുടെ സ്നേഹിതന്മാർ വീട്ടിൽ വരുമ്പോൾ ഒന്നുകിൽ ഞാൻ വീട്ടിൽനിന്നിറങ്ങി വല്ലെടത്തും ഒളിച്ചുനില്ക്കയൊ അല്ലെങ്കിൽ ഞാൻ ഒരു ഭയങ്കരഭൂതം കണ്ടതുപോലെ പരിഭ്രമം കാണിക്കയൊ ചെയ്കയാണു പതിവു. ഇപ്രകാരം അടക്കവും ഒതുക്കവുമായി ജീവിക്കാൻ കാരണം, ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ, ദിവ്യ കത്താവിന് ഉത്തമമാംവണ്ണം ശുശ്രൂഷ ചെയ്യുന്നതിനു ഞാൻ ഉറച്ചിരുന്നതുകൊണ്ടും ദൈവത്തോടുള്ള എന്റെ കടമകളെ പൂണ്ണമായി നിറവേററുന്നതിനു വലിയ ആത്മശുദ്ധിയും വിശ്വസ്തതയും അത്യാവശ്യമാണെന്നുള്ള വാസ്തവം ഞാൻ വ്യക്തമായി ഗ്രഹിച്ചിരുന്നതുകൊണ്ടുമാണ്.

എന്റെ സഹോദരികളുടെയും വേലക്കാരികളുടെയും കൂട്ടത്തിൽ ഞങ്ങളുടെ വയലുകളിൽ പോകുന്നതിനു ഞാനും ചിലപ്പോൾ ആജ്ഞാപിക്കപ്പെട്ടിട്ടുണ്ട്. പോകുംവഴി ആരോടും സംസാരിച്ചിരുന്നില്ല. അവിടെ ചെന്നാലുടൻ വല്ല വൃക്ഷച്ചുവട്ടിലും ഏകാന്തയായിരുന്നു ജപം ചൊല്ലുകയാണു എന്റെ പതിവ്. അപ്പോൾ ദയാപരനായ ഈശോ എനിക്കു പ്രത്യക്ഷനായി വളരെനേരം എന്റെ സമീപെയിരുന്നു എന്നെ ആശ്വസിപ്പിക്കയും എന്റെ സംഭാഷണം ശ്രവിക്കയും ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ഇപ്രകാരം അവിടുന്ന് എന്റെ അടുക്കൽ എഴുന്നള്ളിയിരിക്കയിൽ വല്ല വനത്തിലുംപോയി ഏകാന്തജീവിതം കഴിക്കണമെന്നുള്ള എന്റെ തീക്ഷ്ണമായ അപേക്ഷയെ അറിയിച്ചപ്പോൾ എനിക്കു ഒരു ഗാഢനിദ്ര ഉണ്ടാകയും അതിൽവച്ചു നമ്മുടെ വിശുദ്ധ അമ്മ ത്രേസ്യാ ഒന്നാമതായി സ്ഥാപിച്ച ആവിലാ ആശ്രമത്തേയും സഭാവസ്ത്രം ധരിച്ചിരിക്കുന്ന കന്യകമാരേയും അങ്ങു എന്നെ ദയാപുരസ്സരം കാണിച്ചുതരികയും ചെയ്തു. അതിൽപിന്നെ സന്യാസജീവിതത്തിനുള്ള ആഗ്രഹമല്ലാതെ വേറൊരാഗ്രഹവും എനിക്കില്ലായിരുന്നു.

---

## കുടുംബപ്രതിഷ്ഠ.

പ്രസ്തുത വിഷയത്തെപ്പററി ഈ പംക്തികളിൽ അതതു സമയം പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങളൊക്കയും കേരളത്തിന്റെ നാനാഭാഗങ്ങളിലുമുള്ള തിരുഹൃദയ ഭക്തന്മാരെ ഒന്നു ആകർഷിച്ചിട്ടുണ്ടെന്നും തന്നിമിത്തം ഈശോകർത്താവിന്റെ സ്നേഹഭരണം അത്രക്കും നമ്മുടെ നാട്ടിൽ വിസ്തൃതമായിട്ടുണ്ടെന്നും അറിയുന്നതു ചാരിതാർത്ഥ്യജനകംതന്നെ. മനുഷ്യഹൃദയത്തെ ദിവ്യരക്ഷകന്റെ പക്കൽ കൊണ്ടുചെന്നാക്കുന്നതിനും ഇതിനെ

ക്കാൽ ഉപയുക്തമായ വേറൊരു ഇരയില്ലെന്നു അവിടുന്നു അരുളിച്ചെയ്തതു സത്യം തന്നെയാണെന്നു ദൃഷ്ടാന്തപ്പെടുന്നു. കേരളത്തിലെ കത്തോലിക്ക സമുദായത്തിന്റെ നട്ടുനായകങ്ങൾ ഉൽകണ്ഠാപൂർവ്വം ഈ ഭക്തികൃത്യത്തെ അനുസരിച്ചു സ്വകുടുംബങ്ങളെ ഈശോയുടെ തിരുഹൃദയഭരണത്തിനു പ്രതിഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു എന്നു അറിയുന്നതു ഏവർക്കും അനുകരണീയമായ ഒരു പാഠമായിരിക്കുമെന്നു വിശേഷാൽ പറയേണ്ടതില്ലല്ലോ. ഇപ്രകാരം നാൾതോറും ന. കർത്താവിനു നൂതനഭരണം സിദ്ധിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നു. എന്നാൽ കുടുംബങ്ങളിലെപ്പോലെ തന്നെ മററു വിവിധതരത്തിലുള്ള ക്രിസ്തീയ സ്ഥാപനങ്ങളിലും ഈശോയുടെ തിരുഹൃദയത്തെ സിംഹാസനാരോഹണം ചെയ്യിക്കുന്നതിനുതൽനേതാക്കൾ ഓർമ്മിക്കുന്നതുത്തമമായിരിക്കും. കഴിഞ്ഞമാസം ൧൭-ാംതിയതി മംഗലപുരത്തെ പൌരപ്രമാണികൾ ഇതിന്നൊരു നല്ല ദൃഷ്ടാന്തം കാണിച്ചു തന്നിട്ടുണ്ട്. അവിടത്തെ കത്തോലിക്ക ക്ലബ് (Catholic Union Club) വക കെട്ടിടത്തിൽ നാലര അടി പൊക്കമുള്ള ഒരു വിശേഷ കൊത്തുരൂപം സ്ഥാപിച്ചുകൊണ്ടു ഈശോയുടെ തിരുഹൃദയത്തെ ആ സ്ഥാപനത്തിൽ കേങ്കേമമായി സിംഹാസനാരൂഢനാക്കിയിരിക്കുന്നു. പ്രതിഷ്ഠാകർമ്മം നടത്തിയതു പ്രസ്തുത ക്ലബിന്റെ പ്രസിഡൻറും സ്ഥലം മെത്രാനുമായ ഡാക്ടർപെരീനി അവർകളാണ്. ഏതൽസ്ഥാപനം തിരുഹൃദയത്തിന്നു പ്രതിഷ്ഠിച്ചതുകൊണ്ടു അതിൽനിന്നു ഒരു വിശ്രമ മന്ദിരത്തിന്റെ സ്വഭാവം ഒട്ടുംതന്നെ മാറിപ്പോയിട്ടില്ലെന്നും, ക്ലബിന്റെ അഭിനവകർത്താവിന്നു രസക്ഷയം വരുത്തുന്ന സംഭാഷണങ്ങളും ക്രിയകളും മാത്രം അംഗങ്ങൾ പരിവർജ്ജിച്ചാൽ മതിയെന്നും മററും അദ്ദേഹം ഒരു പ്രസംഗരൂപേണ പറകയുണ്ടായി. കൊച്ചിയിൽ തിരുഹൃദയത്തിന്റെ സിംഹാസനാരോഹണത്തിന്നായി നൂതനമായി സ്ഥാപിച്ചിട്ടുള്ള വിചിത്രസ്മാരകവും ഇതിന്റെ ഔചിത്യത്തെ കാണികളെ മനസ്സിലാക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇതിലേക്ക് ഓരോരുത്തനും വേണ്ടതു ചെയ്യുവാൻ ഉപേക്ഷ വരുത്തരുതെന്ന് അപേക്ഷിച്ചുകൊണ്ടു നിറുത്തുന്നു.

ക. നി. മൂ. സ. യോഹന്നാൻ

മുത്തോലി, } പട്ടക്കാരൻ.
൧. ൧൦. ൧൯൨൭.

സൂചനം:— ൧) കുടുംബാംഗങ്ങൾ എല്ലാവരും തിരുഹൃദയത്തിന്റെ ജപഅപ്പൊസ്തോലാത്തുസ് സഖ്യതയിൽ ചേരുകയും, മാസംതോറും ആദ്യവെള്ളിയാഴ്ച, സാധിക്കാത്തപക്ഷം മറേറതെങ്കിലും ദിവസം, കുമ്പസാരിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യണം. ൨) നിങ്ങളുടെ കുടുംബത്തിലെ നൂതനരാജാവിന് ഇഷ്ടക്കേടു വരുത്താതിരിപ്പാൻ എല്ലാ പ്രവൃത്തികളിലും സൂക്ഷിക്കണം. ൩) തിരുഹൃദയത്തിരുനാൾ ആഘോഷപൂർവ്വം കുടുംബങ്ങളിൽ നടത്തുകയും അന്നു പ്രതിഷ്ഠാകർമ്മം പുതുക്കുകയും ചെയ്യണം.

---

## "പാട്ടുകെന്നധരമെ"

"ഞാൻ വരുന്നു കൃശിങ്കൽ" എന്നമട്ട്.

1 'മറിയം' ഹാ! ആ നാമം
  എത്രയിമ്പമോടതു
വീണെൻകണ്ണുങ്ങൾക്കുള്ളിൽ
  ആഹ്ലാദംനൽകീടുന്നു.

Chrous. {
പാട്ടുകെന്നധരമെ
ഉച്ചത്തിൽപാടീടുക
'മറിയമേ! നിൻനാമം
എത്രമാധുര്യ'മെന്ന്.

2 ഛാരത്താരുമില്ലാതെ
  ഏകനായ് തീർന്നിട്ടുമ്പോൾ
മന്ദസ്വരത്തിലാനൽ
  നാമത്തെ ചൊല്ലുന്നുഞാൻ.

3 പക്ഷികൾനാദംപോലെ
  അമ്മമാർശബ്ദംപോലെ
പ്രിയമാം അവൾനാമം
  തുള്ളിക്കുന്നെന്നുള്ളത്തെ.

4 താരകപ്രകാശംപോൽ
  ചന്ദ്രകിരണങ്ങൾപോൽ
ദൈവമനോഹരത്വം
  കാണുന്നവൾനാമത്തിൽ.

5 പ്രഭാതകാലത്തിലും
സന്ധ്യാസമയത്തിലും
ചൊല്ലിടുമനുദിനം
വാഴ്ത്തപ്പെട്ടോരാനാമം.
6 ഈശോ നാമംകഴിഞ്ഞാൽ
ഇത്രപ്രിയമാംനാമം
വേറില്ലവനിക്കുകിൽ
മാധുര്യമുണ്ടതിന്ന്.
7 ഈലോകവൈരികളെ
പോരാടിജയിക്കുവാൻ
എന്നെ സഹായിപ്പതു
'മറിയ'മെന്ന നാമം.
8 അന്ത്യകാലത്തിലും ആ
മാധുര്യമേറുംനാമം
നൽകീടട്ടെയെനിക്കു
ആവശ്യമാമാശ്വാസം.
9 മാതാവേ! നിൻമഹത്വം
വാനിലുംകീർത്തിക്കുവാൻ
പാടട്ടെ ഞാനിഹത്തിൽ
വാഴ്ത്തപ്പെട്ടനിൻനാമം.

വക്കീൽ കെ. ജെ. പോൾ.



## തിരുഹൃദയഭക്തന്മാർ

### ൧൧൨൨ വൃശ്ചികമാസത്തിൽ വഴ്സ്റ്റേണ്ടിയ

## പൊതുനിയോഗം.

---

### ക്രിസ്ത്യാനികളുടെ പുനരൈക്യം.

ദൈവം ഏകനായിരിക്കുന്നതുപോലെ അവിടുത്തെപ്പക്കൽ എത്തുന്നതിനുള്ള വഴിയും ഏകമായിരിക്കുന്നു. അതു ദൈവപുത്രനായിരിക്കുന്ന മ്ശിഹാതന്നെ. സകല മനുഷ്യരും നിത്യരക്ഷ പ്രാപിച്ചു ദൈവത്തിൻ പക്കൽ എത്തുന്നതിനുള്ള വഴി മ്ശിഹാ സ്ഥാപിച്ചിട്ടുള്ള തിരുസ്സഭതന്നെയാണ്. ശുദ്ധീകരണത്തിന്നു വേണ്ട മാർഗ്ഗങ്ങളും ദിവ്യകൃദാശകളുടെ ദാനങ്ങളും മ്ശിഹാ ധാരാളമായി തിരുസഭക്കു നൽകീട്ടുണ്ട്. കത്തോലിക്കാ തിരുസഭ മ്ശിഹായുടെ മണവാട്ടിയും, മലമേൽ പണിയപ്പെട്ട പട്ടണവും, പീഠത്തിന്മേൽ വെക്കപ്പെട്ട വിളക്കും രക്ഷയുടെ കപ്പലും ആകുന്നു. ഗുരുതരമായ ഈ സത്യത്തെ അറിഞ്ഞു വിശ്വസിക്കുന്ന ഏതൊരുത്തനും വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച സംഗതികളിൽ യഥേഷ്ടം പ്രവർത്തിച്ചുകൂടാത്തതാകുന്നു. വി. സഭയുടെ ബോധനകളെ സ്വീകരിക്കയും ജ്ഞാനസ്നാനം കൈക്കൊള്ളുകയും അതിൻെറ അധികാരത്തിന്നു കീഴ്പ്പെട്ടിരിക്കയും ചെയ്യുന്നതിന്നും പുറമെ കത്തോലിക്ക് അംഗങ്ങൾ തമ്മിൽ ദൃഢമായ ഐക്യത്തിലും ചേർച്ചയിലും ഇരിക്കയും ചെയ്യേണ്ടതു് രക്ഷയെ ആഗ്രഹിക്കുന്ന ഏവൻെറയും കടമയായിരിക്കുന്നു. മ്ശിഹായെക്കുറിച്ചും തൻെറ വിശുദ്ധ സഭയെപ്പററിയും ഒരു ജ്ഞാനവും ഇല്ലാത്ത അന്യ മതസ്ഥരുടെ രക്ഷ, അവരുടെ നടപടിയേയും ദൈവാനുഗ്രഹത്തേയും ആശ്രയിച്ചിരിക്കുന്നു. എങ്കിലും ദൈവേഷ്ടംപോലെ എന്തും ചെയ്വാൻ ഒരുക്കമുള്ളവർ മേൽപറയപ്പെട്ടവരുടെ ഗണത്തിൽ ഉണ്ടായിരുന്നാൽ അവരും പരോക്ഷമായി തിരുസഭയുടെഅംഗങ്ങൾ തന്നെയാണ്. ഈ വിധത്തിലുള്ള അസാധാരണ അംഗങ്ങളിലും സാധാരണ കത്തോലിക്കരിലും, ഹൃദയ ശുദ്ധതയും, ഇഷ്ടപ്രസാദവും കാത്തുകൊണ്ടു ദൈവസ്നേഹത്തിലും യോഗ്യതയിലും ഇരിക്കുന്നവർ എത്ര പേർ ഉണ്ടെന്നു നമുക്കു അറിവാൻ പാടില്ല. എങ്കിലും വിധിവസത്തിൽ ഇരുടെ സംഖ്യയും വലുതായിരിക്കുമെന്നു നമുക്കാശിക്കാം. ക്രിസ്ത്യാനികൾ തമ്മിൽ ഹാർദ്ദമായ ഐക്യം ഉണ്ടായിരിക്കണമെന്നാണ് വേദസ്ഥാപകനായ മ്ശിഹാ ആവശ്യപ്പെടുന്നതു്. ലോകത്തെ പാടെ ഇളക്കുന്ന മഹാ യുദ്ധം നടക്കുന്ന ഈ കാലത്തു, ഭിന്നിച്ചും, ഭേദിച്ചും പിണങ്ങിയും ഇരുന്ന രാജ്യക്കാരും ജാതിക്കാരും

സ്വദേശാഭിമാനത്തിന്നായി ഏതുവിധത്തിൽ യോജിച്ചു പ്രവൎത്തിക്കുന്നുയെന്നു നാംകാണുന്നു. സ്വാഭാവികവുംസാമുദായികവും, വ്യാവസായികവുമായ ഈ സംഗതികളിൽ ഇത്ര സൌഹാർദ്ദമായ്മനുഷ്യർ പ്രവൎത്തിക്കുന്നുയെങ്കിൽ, സ്വഭാവാതീതവും ദൈവികവും, ഏകാന്ത്യത്തിന്ന് ആവശ്യകവുമായ സാരസംഗതിയിൽ യോജിക്കാത്തതു എന്തുകൊണ്ടാണ്? മ്ശിഹാ ദൈവത്തിൻെറ സ്വാഭാവിക പുത്രൻ ആയിരിക്കുന്നതിനാൽ ഇവർ തമ്മിലുള്ള ബന്ധം ഒരിക്കലും വിട്ടുപോകുന്നതല്ല. എന്നാൽ വിശുദ്ധ സഭയേപ്പററി മ്ശിഹാ തൻെറ പിതാവിനോടു അപേക്ഷിക്കുന്നതു്; "പിതാവേ, നാം തമ്മിൽ യോജിക്കുംവണ്ണം അവരും ഐക്യത്തിൽ ആയിരിക്കട്ടെ!" എന്നാണ്. (യോഹ. അ. ൧൭. വ. ൧൧) ഈ ഐക്യത്തെ തന്നെ മ്ശിഹാ തന്നെ ശിഷ്യരുടെ ഇടയിൽ പ്രസംഗിക്കയും നടപ്പിലാക്കയും ചെയ്തു. പരസ്പരം സ്നേഹിക്കണ"മെന്നുള്ള പ്രമാണത്തേയും ശിഷ്യൎക്കു താൻ കൊടുത്തു. ശ്ലീഹന്മാരുടെ കാലത്തിൽ ക്രിസ്ത്യാനികളുടെ കൂട്ടം സ്നേഹത്തിലും ഐക്യത്തിലും ഇരുന്നു എന്നു ശ്ലീഹന്മാരുടെ നടപടി സാക്ഷിക്കുന്നു. കാലാന്തരത്തിൽ ഇവരുടെ എണ്ണം വൎദ്ധിക്കയും പല സ്ഥലങ്ങളിൽനിന്നും ജാതികളിൽനിന്നും ആനേകർ ജ്ഞാനസ്നാനപ്പെടുകയും ചെയ്യുതിനാൽ ഇവരുടെ കൂട്ടം നാൾക്കുനാൾ വൎദ്ധിച്ചിരുന്നു. ഇതിനോടുകൂടി ഭിന്നതയും ഇടത്തൂടും കൂടി മുളച്ചുവന്നു. ദൈവവാക്യത്തിന്നുതക്കവണ്ണം ഉതപ്പുകളും, ഭിന്നതകളും ഉണ്ടാകാതിരിക്കയില്ല. ഒന്നോ, രണ്ടോ ആളുകളിൽ ഇതു സംഭവിച്ചാൽ അതിന്നു പ്രതിവിധി ഉടനെ വരുത്താവുന്നതാണ്. എന്നാൽ കൂട്ടം ചേൎന്നുള്ള ഭിന്നിപ്പും, ഇടത്തൂടുകളും അത്ര എളുപ്പത്തിൽ മാററാവുന്നതല്ല. ആദ്യകാലങ്ങളിൽ ഉണ്ടായ ആറിയൂസു നെസ്റ്റോറീസു മുതലായവരുടെ ഇടത്തൂടുകൾ ഒരുവിധം ശമിച്ചപ്പോൾ പ്രധാനമായി ആരംഭിച്ചതു് പ്രോട്ടസ്റ്റാണ്ടു് മതമാണ്. ഈ കൂട്ടർ തിരുസഭയെ വളരെ ഞെരുക്കുകയും, സങ്കടപ്പെടുത്തുകയും ചെയ്തു എങ്കിലും ഇവരുടെ എണ്ണം ഇപ്പോൾ കുറഞ്ഞുവരുന്നു.

തിരുസഭ ദൈവസ്തുതി വൎദ്ധിപ്പിക്കുന്നതിന്നും, ആത്മരക്ഷ സുകരമാക്കുന്നതിന്നും സഹോദരസ്നേഹം പാലിക്കുന്നതിന്നും ഏതെല്ലാം വിധത്തിൽ പ്രവൎത്തിക്കുന്നുയെന്നു ഈ യുദ്ധകാലത്തു് പൂൎവ്വാധികം പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. തൽഫലമായി അനേകർ തിരുസഭയിൽ ചേരുകയും ചെയ്യുന്നു. എന്നാൽ ഇത്രയുംകൊണ്ടു തൃപ്തിപ്പെടാതെ ഭിന്നിച്ചുനില്ക്കുന്ന നമ്മുടെ സഹോദരങ്ങൾ എല്ലാവരും കത്തോലിക്കാ സഭയിൽ ചേൎന്ന് ഒരിടയനും ഒരു തൊഴുത്തുമായി കാണുവാൻ ഇടയാകുന്നതിന്നു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

---

## ലോകവൎത്തമാനച്ചുരുക്കം.

ഒരു പ്രോട്ടസ്റ്റാണ്ടു രാജ്യമായ ഹോളണ്ടിലെ പ്രധാന മന്ത്രിപദത്തിലേക്കു അവിടുത്തെ രാജ്ഞി ഒരു കത്തോലിക്കു വൈദികനായ മോൺസിഞ്ഞോർ നോളൻസ് അവർകളെ നിയമിക്കുകയുണ്ടായി. എങ്കിലും അദ്ദേഹം അതു ഉപേക്ഷിക്കുകയാണു ചെയ്തതു്. എന്നാൽ വീണ്ടും ഒരു കത്തോലിക്കൻതന്നെ പ്രധാന മന്ത്രിയായി നിയമിതനായിരിക്കുന്നു. മിസ്റ്റർ റൈസ് ദെ- ബിറൻബെൎഗ്ഗ് എന്ന നാമധാരിയായ ഇദ്ദേഹത്തിനു ൬൦ വയസ്സു പൂൎത്തിയായിട്ടില്ല. ഇദ്ദേഹം ഇപ്പോഴത്തെ യുദ്ധത്തെപ്പററി ആനുകൂല്യമാകട്ടെ പ്രാതികൂല്യമാകട്ടെ പ്രദൎശിപ്പിച്ചിട്ടില്ല. മൊൺസിഞ്ഞോർ നോളൻസ്, മന്ത്രിസഭയിലെ ഒരംഗമല്ലെങ്കിലും, പുതിയ മന്ത്രിസഭ സ്ഥാപിക്കുന്നതിനു അദ്ദേഹത്തെ രാജ്ഞി ചുമതലപ്പെടുത്തുകയും അദ്ദേഹം ആ ജോലി ഭംഗിയായി നിറവേററുകയും ചെയ്തിരിക്കുന്നു. പ്രധാനമന്ത്രി ഉൾപ്പെടെ പുതിയ മന്ത്രിസഭയിൽ നാലുപേർ കത്തോലിക്കരാകുന്നു.

ദലഗാദ് അപ്പസ്തോലിക്കാ മൊൺസിഞ്ഞോർ ഏമസോണി തിരുമനസ്സുകൊണ്ടു ഈ നവംബർ ൩-ാംനു- ഉച്ചതിരിഞ്ഞു നാലുമണിക്കു ഇവിടെ (മാന്നാനത്തു) എത്തുകയും, ആശ്രമം, ഹൈസ്കൂ

ൾ, പ്രസ്സ്, കുസുമം ആപ്പീസു മുതലായ സ്ഥാപനങ്ങൾ സന്ദർശിച്ചു അടുത്ത ബുധനാഴ്ച ഉച്ചതിരിഞ്ഞു ഇവിടെനിന്നും കോട്ടയത്തിനു പോവുകയും ചെയ്തു.

യുദ്ധം തുടങ്ങിയതിൽപിന്നെ ഭടന്മാരിൽ പതിനയ്യായിരംപേർ കത്തോലിക്കാ സഭയിൽ ചേൎന്നിട്ടുണ്ടെന്നു കാണുന്നു.

ബ്രിട്ടീഷ് സാമ്റാജ്യത്തിൽ ഇപ്പോൾ കത്തോലിക്കർ ൧൬൦ ലക്ഷത്തോളമായി വൎദ്ധിച്ചിട്ടുണ്ടെന്നും, ഇവരിൽ ൬൬ പേർ പ്രഭുക്കന്മാരും, ൮൩ പേർ കോമൺസ് സഭയിലെ മെമ്പറന്മാരും ആണെന്നും ഓക്ക്സ്ഫോർഡിൽനിന്നും ഇതിനിടെ കത്തോലിക്കാ സഭയിലേക്കു ചേൎന്ന ആർ. ജെ. വാക്കർ എം. ഏ. അവർകൾ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു കണക്കുകൊണ്ടു കാണുന്നു.

നോഹിന്റെ കാലത്തെപ്പോലെ ഒരു ജലപ്രളയം ൧൯൧൩-ൽ വരുമെന്നു പ്രവചിച്ചവനായ 'ബഞ്ചമിൻ പ്രവാചക'ന്റെ അനുചരന്മാരായ ഒരുകൂട്ടർ അമേരിക്കയിൽ ൪൫൦ അടി നീളത്തിലും ൭൫ അടി വീതിയിലും ൪൫ അടി ഉയരത്തിലും ഒരു പെട്ടകം നോഹിനെപ്പോലെ പണിയുകയുണ്ടായി.

മദിരാശിയിലെ സ്ത്രീകളുടെ കോളേജിൽ ആകെ ൧൧൨ യുവതികളാണു പഠിച്ചുവരുന്നതു്. ഇവരിൽ കത്തോലിക്കർ ൨൭ പേരാകുന്നു.

റഷ്യായിലെ സാർചക്രവൎത്തിയുടെ മരണം കേട്ടു ദുഃഖിതനായ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ചക്രവൎത്തിനിയേയും പുത്രികളേയും രക്ഷിക്കണമെന്നു നിശ്ചയിച്ചു റഷ്യൻഗവൎമ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തുകയും അവരെ റഷ്യായിൽ നിന്നും വിട്ടയക്കണമെന്നും അവരുടെ ചെലവുകൾ സ്വന്തം പണംകൊണ്ടു നിൎവ്വഹിച്ചുകൊള്ളാമെന്നും അറിവിക്കുകയും ചെയ്കയുണ്ടായി. ഈ ഉദ്യമം സഫലമാകുന്ന പക്ഷം സ്പെയിനിൽ അവരെ താമസിപ്പിക്കുന്നതു സന്തോഷമാണെന്നു അവിടത്തെ രാജാവും അറിയിച്ചു. ഇവരെ വിട്ടയക്കുന്നതിനു സമ്മതമാണെന്നും, എന്നാൽ യാത്രാസൌകൎയ്യമില്ലാത്തതുകൊണ്ടു തൽക്കാലം സാധിക്കുന്നതല്ലെന്നുമായിരുന്നു റഷ്യൻഗവൎമ്മെണ്ടിന്റെ മറുപടി. മാപ്പാപ്പാതിരുമനസ്സുകൊണ്ടു ഇങ്ങനെ ശ്രമിച്ചുകൊണ്ടിരിക്കയിലാണു ദുർഭഗകളായ ഇവരും അരാജകകക്ഷികളുടെ കോപാഗ്നിക്കു - പോരാ സാക്ഷാൽ അഗ്നിക്കു ഇരയായതു്. ഇവരെ തീയിലിട്ടു ദഹിപ്പിച്ചാണു കൊന്നതു്.

ഒൻപതാംപീയൂസ് മാപ്പാപ്പായെ 'ധന്യൻ' എന്നു നാമകരണം ചെയ്യുന്നതിനുള്ള വിചാരണ തുടങ്ങിയിരിക്കുന്നു. ഈ തിരുമേനിയുടെ മാദ്ധ്യസ്ഥംമൂലം മുപ്പതു അത്ഭുതസംഭവങ്ങൾ നടന്നിട്ടുണ്ടു്. ഇവയിൽ ൧൭ ഇററലിയിലും ൩ ഫ്രാൻസിലും ൬ ബൽജിയത്തിലുമാകുന്നു.

അമേരിക്കായിൽ ഐക്യരാജ്യത്തു് കൻസാസ് പട്ടണത്തിലെ ഒരു പ്രൊട്ടസ്റ്റാണ്ടു പാതിരി അവിടത്തെ ന്യായാധിപന്റെ ജോലിയും നിൎവ്വഹിച്ചുവന്നു. ഇദ്ദേഹം, ദുൎമ്മാൎഗ്ഗജീവിതം കഴിച്ചുവന്ന ഒരു കുററക്കാരനു്, അഞ്ചു ഡോളർ പിഴ കല്പിച്ചതുകൂടാതെ പത്തു ഞായറാഴ്ച അടുപ്പിച്ചു ദിവ്യപൂജ കാണണമെന്നും നിശ്ചയിച്ചു. ഈ പട്ടണത്തോടു ഏററം അടുത്ത ദേവാലയം പത്തുമയിൽ അകലെയായിരുന്നതുകൊണ്ടു്, ഇവൻ ഈ കൃത്യം നിറവേററുന്നുണ്ടോ എന്നറിയുന്നതിനായി ഒരു പോലീസുകാരനെ ഇവന്റെ കൂടെ അയച്ചിരുന്നു.

ബൎമ്മായിൽ ൧൮൫൩-ൽ മൂവായിരം കത്തോലിക്കരും ഏഴു ദേവാലയങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ അവിടത്തെ കത്തോലിക്കരുടെ സംഖ്യ അറുപതിനായിരവും ദേവാലയങ്ങളുടെ എണ്ണം ൨൪൧-ം ആയി വൎദ്ധിച്ചിരിക്കുന്നു. വിദ്യാലയങ്ങൾ ആൺകുട്ടികൾക്കു ൨൨-ം പെൺകുട്ടികൾക്കു ൨൦-ം ആകുന്നു. താഴ്ന്ന വിദ്യാലയങ്ങൾ ഇതിൽ ഉൾപ്പെടുത്തീട്ടില്ല. ൧൦൨ ആണു് അവയുടെ എണ്ണം. ഇവക്കു പുറമെ ൨൦ അനാഥശാലകളിലായി ൩൮൧ ആൺകുട്ടികളും ൮൨൭ പെൺകുട്ടികളും താമസിക്കുന്നു.

ഇക്കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ഇംഗ്ലണ്ടിൽ നിന്നു ൧൨ ആംഗ്ലിക്കൻ വൈദികർ കത്തോലിക്കാസഭയിൽ ചേരുകയുണ്ടായി. ഇവരിൽ മൂന്നുപേർ ലണ്ടൻ പട്ടണവാസികളാണ്.

പാരിസിലെ വികാരിജനറാളിൻെറ പ്രസ്താവപ്രകാരം ഈ യുദ്ധത്തിൽ ഇരുപത്തയ്യായിരം ഫ്രഞ്ചുവൈദികർ ചേർന്നിട്ടുണ്ടെന്നു കാണുന്നു. ഇവരിൽ ഏഴായിരം പേർ ഫ്രാൻസിനുവേണ്ടി സ്വന്തജീവനെ പൂജിച്ചു. ശിഷ്ടമുള്ള ൧൮൦൦൦ പേർ ഇപ്പോഴും യോദ്ധാവിൻെറയൊ ആത്മശുശ്രൂകൻെറയൊ ദീനരക്ഷകൻെറയൊ നിലയിൽ ജോലിചെയ്യുന്നു. കീർത്തിമുദ്രകൾ ലഭിച്ചിരിക്കുന്നവർ എണ്ണായിരം പേരോളമുണ്ട്.

യുദ്ധം മൂലം വിധവകളായ രണ്ടുലക്ഷം ഫ്രഞ്ചു സ്ത്രീകൾ മാർപ്പാപ്പാ തിരുമനസ്സിലേക്കു ഒരു സന്ദേശം അയച്ചിരിക്കുന്നു. പരിശുദ്ധ സിംഹാസനത്തോടു തങ്ങൾക്കുള്ള സുസ്ഥിരമായ ഭക്തിസ്നേഹബഹുമാനാദികളുടെ ഈ പ്രകടനത്തെ സദയം സ്വീകരിക്കണമെന്നു തിരുസന്നിധിയിൽ സാഷ്ടാംഗനമസ്കാരം ചെയ്തുകൊണ്ടു യാചിക്കുന്നു എന്നും, കുടുംബനായികകൾ എന്ന നിലയിൽ തങ്ങളുടെ കുട്ടികളെ ഉത്തമ കത്തോലിക്കരായി വളർത്തുന്നതാണെന്നു ശപഥംചെയ്യുന്നു എന്നും, ഈ വാഗ്ദാനത്തിനു പ്രതിപകരമായി തങ്ങളുടെ കണ്ണുനീരുകൾ അനുഗ്രഹത്തിൻെറ നദികളായി തങ്ങളുടെ സന്താനങ്ങളിൽ വീഴുവാൻ ഇപ്പോഴത്തെ കഷ്ടതകളും ദുഃഖങ്ങളും ദൈവത്തിനു സമർപ്പിക്കണമെന്ന് അപേക്ഷിക്കുന്നു എന്നും, ഫ്രാൻസിനു വേണ്ടി അത്യധികം കഷ്ടപ്പെടുകയും അതിൻെറ ഭാവി കൈവശപ്പെടുത്തുകയും ചെയ്തിരിക്കുന്നതു പരിശുദ്ധ പിതാവിൻെറ ഏററവും വിശ്വസ്തപുത്രികളാണെന്നുള്ളതിൽ തങ്ങൾക്കഭിമാനമുണ്ടെന്നുംമററുമായിരുന്നു അതിൽ പ്രസ്താവിച്ചിരുന്നതു്. രണ്ടുലക്ഷം വിധവകൾ ഒപ്പിട്ടയച്ച ഈ സന്ദേശത്തിൽ ഫ്രാൻസിലെ മെത്രാപ്പോലീത്താന്മാരുൾപ്പടെ ൬൬ മെത്രാന്മാരുടെ ഒപ്പും ഉണ്ടായിരുന്നു.

ആഫ്രിക്കായിൽ സഹാറാ വനത്തിനു സമീപെയായി ഫ്രഞ്ചുപട്ടാളം ശത്രുക്കളുമായി നേരിടുകയും ഫ്രഞ്ചുസൈന്യാധിപൻ മുറിവേററു അസന്നമരണനാവുകയും ചെയ്തു. ഇദ്ദേഹത്തിൻെറകൂടെയുണ്ടായിരുന്ന ഡോക്ടറിൻെറ അഭിപ്രായപ്രകാരം കഷ്ടിച്ചു മൂന്നുമണിക്കൂർ മാത്രമേ ജീവിക്കയുള്ളു എന്നറിഞ്ഞ് സൈന്യാധിപൻ ഒരു വൈദികനെ കാണണമെന്നാവശ്യപ്പെട്ടു. അടുത്തെങ്ങും വൈദികരില്ലായിരുന്നു. അനേകം മൈൽ അകലെ 'ലാഗോട്ടു' എന്ന സ്ഥലത്തു കാപ്പുച്ചിൻ സഭക്കാരുടെ ഒരാശ്രമമുണ്ടെന്നും അവിടെ നിന്നു ഒരു പുരോഹിതനെ മൂന്നുമണിക്കൂറിനകത്തു അവിടെ കൊണ്ടുചെല്ലാമെന്നും ഒരു വിമാനചാരി അറിയിച്ചു. അനുവാദം ലഭിച്ചതിനാൽ ഉടൻതന്നെ അദ്ദേഹം വിമാനത്തിൽ കയറി ഉദ്ദിഷ്ടസ്ഥലത്തു എത്തുകയും വിവരം ഒരു പുരോഹിതനെ ഗ്രഹിപ്പിക്കയും ചെയ്തു. പുരോഹിതനാകട്ടേ, തിരുപാഥേയവും തിരുതൈലവുമെടുത്തു തൽക്ഷണം യാത്രയായി. മൂവായിരം അടി ഉയരത്തിൽക്കൂടിയാണു വിമാനം തിരിച്ചുപോയിരുന്നതു്. മുറിപ്പെട്ടുകിടന്നിരുന്ന സൈന്യാധിപൻെറ കൂടാരത്തിൽ എത്തി അദ്ദേഹത്തിനു അന്തിമക്രൂദാശകളെല്ലാം നൽകുകയും അദ്ദേഹം സമാധാനത്തിൽ മരണംപ്രാപിക്കയും ചെയ്തു. ദിവ്യകാരുണ്യ ഈശോ ആസന്നമരണനെ ആശ്വസിപ്പിക്കാനായി വിമാനമാർഗ്ഗം യാത്രചെയ്തതു് ഇദം പ്രഥമമായിട്ടാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

---

### മരണം.

എടത്തുരുത്തി പള്ളി ഇടവക തെക്കിനിയത്തു ബ. ലൂയീസച്ചൻ അവർകളുടെ ജ്യേഷ്ഠപത്നിയും 'കുസുമ'പത്രബന്ധുക്കളിൽ ഒരുവനായ ടി. വി. ഇഗ്നേഷ്യസ് അവർകളുടെ മാതാവുമായ മറിയം എന്ന സ്ത്രീ ഇക്കഴിഞ്ഞ മാസം ൨൭–ാനു–൮൯–ാമത്തെ വയസ്സിൽ, അന്തിമക്രൂദാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു. ഈ ആളിൻെറ ആത്മാവു് നിത്യസമാധാം പ്രാപിപ്പാൻ വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

## മാസികാ വരിപ്പണം അടച്ചവരുടെ പേരുവിവരം.

---

ഒരു രൂപാവീതം.

മ. രാ. രാ. അവർകൾ.

വി. ജോസഫ് ഉപദേശി ശൂരനാട്ട്, M. A. Augustus Munganatt Veedoo, William Fernadez Koney Est., ബ. ചക്കാലയ്ക്കൽ യൌസേപ്പച്ചൻ, ചക്കാലയിൽ തോമ്മാ ചാക്കോ, കണ്ണന്ത്ര ആഗസ്തി., കല്ലുകളത്തിൽ ചാക്കോ ചെറിയാൻ, കരുന്തോളിൽ വക്കിമത്തായി വാഴക്കുളം, വെളിയിൽ തോമ്മാ മുട്ടത്തങ്ങാടി., പി. ജെ. ജോസഫ് പിണക്കാട്ടു, പ്ളാക്കൽ കുരിയ ജോസഫ് പുത്തനങ്ങാടി., കടവുങ്കൽ കെ. ദേവസ്യാ മുതലായവരും.

പലവക.

ബ്രദർ യാക്കോബ് 1 രൂപാ 14 ചക്രം 4 കാശു., P. V. Francis of B. V. Mary Manalur 2 രൂ.

(തുടരും.)

REGISTERED No. M. 365.

# പഞ്ചാംഗം.

## ൧൯൧൮ ഡിസംബർ.

| മാസം. | തീയതി. | മാസം. | തീയതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| ഡിസംബർ. | 1 | വൃശ്ചികം. | ൧൬ | ഞാ | ✠ ആഗമനം ൧–ാം ന. ക. ആ. | റോ |
| | 2 | | ൧൭ | തി | മെ൱. അ. പ്ര. ഗ്രീ. ന. ആ. ക. പെ. | വെ |
| | 3 | | ൧൮ | ചൊ | † മെ൱. പ്രംസി. ശവരി. ന. ആ. ക. പെ. | വെ |
| | 4 | | ൧൯ | ബു | ക. വേ. ബബ്ബരാ. ന. ആ. ക. പെ. | ച |
| | 5 | | ൨൰ | വ്യാ | വ. സാവാ. ന. ആ. ക. പെ. | വെ |
| | 6 | | ൨൧ | വെ | അ. മെ൱. നിക്കൊലാവോസ് ന. ആ. ക. പെ. | വെ |
| | 7 | | ൨൨ | ശ | അ. മല്പ. അംബ്രോസി. ന. ആ. ക. പെ. | വെ |
| | 8 | | ൨൩ | ഞാ | ✠ ആഗ. ൨–ാം ക. മാ. അമലോ. ന. ആ. ക. പെ. | വെ |
| | 9 | | ൨൪ | തി | † അ. മെ൱. മല്പാ. ക്രിസ്സലോ. ന. ആ. ക. (ഇ൱. ര) | വെ |
| | 10 | | ൨൫ | ചൊ | † ക. മാ. ഭവനമാററം ന. ആ. ക. പെ. | വെ |
| | 11 | | ൨൬ | ബു | പാ. മെ൱. മൊസീസ ന. ആ. ക. പെ. | വെ |
| | 12 | | ൨൭ | വ്യാ | പാ. വേ. മൽക്കിയാദി. ന. ആ. ക. പെ. | ച |
| | 13 | | ൨൮ | വെ | ക. വേ. ലൂച്ചിയാ. ന. ആ. ക. പെ. | ച |
| | 14 | | ൨൯ | ശ | ക. മാ. അമ. എട്ടാ. ന. ആ. ക. | വെ |
| | 15 | | ൩൰ | ഞാ | ✠ ആഗ. ൩–ാം ന. ക. ആ. | റോ |
| | 16 | ധനു. | ൧ | തി | അ. വേ. എവുസേബി, ന. ആ. ക. പെ. (ഇന്നലെ) | ച |
| | 17 | | ൨ | ചൊ | † മെ൱. ഹ്യാസെന്ത, ന. ആ. ക. പെ. (ചിങ്ങം ൧൬) | വെ |
| | 18 | | ൩ | ബു | തോ. മയിലാ, പ്രത്യ. ന. ആ. ക. പെ. പട്ടം. | ച |
| | 19 | | ൪ | വ്യാ | † ക. മാ. പിറ: പ്രതീക്ഷ. ന. ആ. ക. പെ. (ഇന്നലെ) | വെ |
| | 20 | | ൫ | വെ | തോമ്മാ ശ്ലീ. ത. നാ. ന. ആ. ക. ത. പട്ടം. | റോ |
| | 21 | | ൬ | ശ | (✠) തോമ്മാ ശ്ലീഹാ ന. ആ. ക. പെ. പട്ടം. | ച |
| | 22 | | ൭ | ഞാ | ✠ ആഗ. ൪–ാം ന. ക. ആ. | റോ |
| | 23 | | ൮ | തി | † മെ൱. അ. മത്തിയാലി, ന. ആ. ക. പെ. (കക്ക. ൩) | വെ |
| | 24 | | ൯ | ചൊ | ന. ക. പിറ. ത. നാ. ന. ആ. ക. ത. (ഒരുനേരം) | റോ |
| | 25 | | ൧൰ | ബു | ✠ ന. ക. പിറവി, ന. ക. പെ. | വെ |
| | 26 | | ൧൧ | വ്യാ | (✠) വേ. എസ്ത. ന. ക. പെ. | ച |
| | 27 | | ൧൨ | വെ | (✠) യോ. ഏവാൻ. ന. ക. പെ. | വെ |
| | 28 | | ൧൩ | ശ | (✠) കുഞ്ഞിപൈ. ന. ക. പെ. | റോ |
| | 29 | | ൧൪ | ഞാ | ✠ ന. ക. പിറവി. എട്ടാ. ന. ക. ആ. | വെ |
| | 30 | | ൧൫ | തി | വേ. അ. തോമ്മാ കനത്തോർ ന. ആ. ക. (ഇന്നലെ) | ച |
| | 31 | | ൧൬ | ചൊ | പാ. മെ൱. സിൽവെസ്റ്റ. ന. ആ. ക. പെ. | വെ |

✠ ഈ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the
Proprietor, by A. P. Mani at St. Joseph's Press,
Mannanam, 1918.